# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിജയപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ. കെറ്റിഎം പി-12/100/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/01/2026
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിജയപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ. കെറ്റിഎം പി-12/100/2026 തീയ്യതി: 30/01/2026

# കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 08-01-2026 | 15-01-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2026 | 15-01-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ ആർ, ഓഡിറ്റ് ഓഫീസർ( ഹ.ഗ്രേ)
ശ്രീമതി.ലേഖ വി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കൃഷ്ണപ്രിയ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഗസ്റ്റിൻ സി തേവർകുന്നേൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രിൻസി ആന്റണി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. റ്റി. സോമൻകുട്ടി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അനീഷ് എസ് | സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീഅജിത്ത്കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2024 | 09-09-2024 |
| ശ്രീ.സജാദ് എസ് | സെക്രട്ടറി | 10-09-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനുമോൾ റ്റി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. അമൃത സി ഡി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.ആരതി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. രശ്മി ജി | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2024 | 31-03-2025 |
| ശ്രീമതി.ലൈലമോൾ വർഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ജയലക്ഷ്മി എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി രമ്യാ നാരായണൻ കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഐശ്വര്യ സലി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു എ നായർ | ഹെഡ്മിസ്ട്രസ് ,യു.പി.എസ് നട്ടാശ്ശേരി | 01-04-2024 | 31-03-2025 |
| ശ്രീമതി.രശ്മി എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 18-06-2024 |
| ശ്രീ.റിതിൻ ജോസഫ് ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-06-2024 | 29-06-2024 |
| ശ്രീമതി.രശ്മി എസ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-06-2024 | 14-08-2024 |
| ശ്രീമതി.സരിത പി ഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-08-2024 | 30-10-2024 |
| ശ്രീ.മഹേഷ് കുമാർ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-11-2024 | 06-03-2025 |
| ശ്രീ.റിജു മൈക്കിൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-03-2025 | 31-03-2025 |
| ശ്രീ. വിനു മാത്യൂസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 08-05-2024 |
| ശ്രീഅജിത്ത്കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 09-05-2024 | 31-03-2025 |
| ഡോ. സോജ എസ്. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അക്കൗണ്ടിംഗിൽ അപാകത | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-5 |
| 7 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ക്രമീകരിച്ചില്ല | 1-1-7 |
| 9 | കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | Roads & Bridges ഇനത്തിലുള്ള ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു | 1-1-9 |
| 11 | പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല | 1-1-10 |
| 12 | തൊഴിൽനികുതി,IFTE&OS ലൈസൻസ് എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം - രജിസ്റ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-13 |
| 15 | ലൈഫ് ലോൺ ബാധ്യതാ കണക്കുകളിൽ അവ്യക്തത | 1-1-14 |
| 16 | സ്ഥിര നിക്ഷേപങ്ങളുടെ പലിശ അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-15 |
| 17 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് മുപ്പത്തിമൂന്ന് ലക്ഷത്തിൽപ്പരം രൂപ | 1-4-1 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | വാർഷികപദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | രസീതു ബുക്കുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകത | 1-11 |
| 29 | തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-12 |
| 30 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല | 1-13 |
| 31 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-14 |
| 32 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തി | 1-15 |
| 33 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-16 |
| 34 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17-1 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 1-17 |
| 36 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയില്ല | 1-18 |
| 37 | 61,848/- രൂപ മുൻ വർഷ വാടക കുടിശ്ശിക നിൽക്കുന്നു - വാടക നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-19 |
| 38 | ട്രഷറി അക്കൗണ്ടിലെ നിക്ഷേപത്തിന് ആദായ നികുതി ഈടാക്കുന്നു | 1-20 |
| 39 | ഓഡിറ്റ് ഇംപാക്ട് - ലൈബ്രറി വരവുകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 1-21 |

| | | |
|---|---|---|
| 40 | മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-22 |
| 41 | തെരുവുവിളക്കുകളുടെ പരിപാലനം - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- നിർവ്വഹണത്തിൽ അപാകതകൾ | 1-23 |
| 42 | ഉണ്ണിക്കുന്ന് കുടിവെള്ളപദ്ധതി- പദ്ധതി പ്രവർത്തനക്ഷമമായില്ല | 1-24 |
| 43 | എംസിഎഫിന് സ്ഥലം വാങ്ങൽ- വാങ്ങിയ സ്ഥലം അതിര് തിരിച്ച് സംരക്ഷിച്ചിട്ടില്ല. | 1-25 |
| 44 | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-26 |
| 45 | നിക്ഷേപപ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-27 |
| 46 | പൊതുശ്മശാനം - കുഴൽക്കിണർ നിർമ്മാണം- ജലലഭ്യതയില്ല- ബാലൻസ് തുക തിരികെ ഈടാക്കിയില്ല | 1-28 |
| 47 | വിവിധ കമ്മിറ്റി തീരുമാനങ്ങൾ -സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കപ്പെട്ടില്ല | 1-29 |
| 48 | നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പെറ്റി വർക്കിന് തുക നൽകി | 1-30-1 |
| 49 | പെറ്റി വർക്കുകൾ - മസ്റ്റർ റോളുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-30 |
| 50 | ആംബുലൻസ് പ്രവർത്തനത്തിലെ അപാകതകൾ | 1-31 |
| 51 | കുടിവെള്ള വിതരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-32 |
| 52 | ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ-മോർഡിലെ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കാതിരുന്നതിനാൽ അധിക ചെലവ് | 1-33 |
| 53 | ജി.ഐ റൂഫ് ഷീറ്റ്- ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത മൂലം അധികച്ചെലവ് | 1-34 |
| 54 | പൂർത്തീകരണം താമസിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-35 |
| 55 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 3,18,578/- രൂപ അവശേഷിക്കുന്നു | 1-36 |
| 56 | കുടുംബശ്രീക്കു റിവോൾവിംഗ് ഫണ്ട് പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-37 |
| 57 | ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-38 |
| 58 | വീട് വാസയോഗ്യമാക്കൽ (ജനറൽ) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-39-1 |
| 59 | വീട് വാസയോഗ്യമാക്കൽ -സബ്സിഡിമാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നില്ല | 1-39 |
| 60 | ഗവ. ഹോമിയോ ഡിസ്പെൻസറി -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-40 |
| 61 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-41 |
| 62 | ജലജീവൻ മിഷൻ പദ്ധതി -അവലോകനം | 1-42 |
| | **ഭാഗം 2** | |
| 1 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയില്ല | 2-1 |
| 2 | ആംബുലൻസ് പ്രവർത്തനത്തിലെ അപാകതകൾ | 2-2 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 2/19.06.2025 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 23.06.2025 - ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

തീയതി: 30.01.2026 **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2023-24 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2024-25 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2025 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് ലഭ്യമാക്കേണ്ടതുമാണ്.

**1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ/തസ്വഭവ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യമല്ല.

**1-1-3 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2025 ലെ ബാലൻസ് ഷീറ്റ് 350300199 ശീർഷകത്തിൽ കാണിച്ചിരിക്കുന്ന 82,801/- രൂപ എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല. തുകയുടെ ആധികാരികതയും വ്യക്തമല്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാംശം, ഇനം, ലഭിച്ച കാലയളവ് എന്നിവ ഉൾപ്പെടെ ലഭ്യമല്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(2) പ്രകാരം ഓരോ മാസാന്ത്യത്തിലും സർക്കാർ റിക്കവറികളുടെ ഒടുക്ക് നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. എസ്റ്റാബ്ലിഷ്മെന്റ് റിക്കവറികളുമായി ബന്ധപ്പെട്ട രജിസ്റ്ററും മറ്റ് സർക്കാർ റിക്കവറികളുടെ രജിസ്റ്ററും മുന്നിരിപ്പ് വിശദാംശം ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും ഓരോ മാസാവസാനവും സാമ്പത്തിക വർഷാവസാനവും കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-1-4 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അക്കൗണ്ടിംഗിൽ അപാകത**

വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

**1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 2 തവണ മാത്രമാണ് ഡിമാന്റ് എൻട്രി നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-6 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-7 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ക്രമീകരിച്ചില്ല**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം -1 അനുച്ഛേദം 250(3) അനുസരിച്ച് ഓണം മുൻകൂറായി അനുവദിച്ച തുക അഞ്ച് തുല്യ മാസ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ വിജയപുരം ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ ഓണം മുൻകൂർ ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച തുക പൂർണ്ണമായി തിരികെ ക്രമീകരിച്ചിട്ടില്ല. 1000 രൂപയാണ് ടി ഇനത്തിൽ ഇനിയും ലഭിക്കുവാനുള്ളത്.

**1-1-8 കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു**

B9 ഷെഡ്യൂൾ 350800101 - Liability In Respect Of Stale Cheques അക്കൗണ്ട് ശീർഷകത്തിൽ കാണിച്ചിരിക്കുന്ന 63,243/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശവും ലഭ്യമല്ല. മേൽ തുകയുടെ കാലപ്പഴക്കം കണക്കാക്കി തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-1-9 Roads & Bridges ഇനത്തിലുള്ള ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു**

Roads & Bridges ഇനത്തിലുള്ള ആസ്തികളുടെ 31-03-2025 വരെയുള്ള മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു. 2.80 കോടി രൂപ മൂല്യമുള്ള ആസ്തിക്ക് 2024-25 ൽ നൽകിയ 64.83 ലക്ഷം രൂപയുടെ മൂല്യശോഷണം ഉൾപ്പെടെ 31-03-2025 ൽ സഞ്ചിത മൂല്യശോഷണം 3.96 കോടിയിൽ എത്തിയിരിക്കുന്നു. Metalled Road ന് മാത്രം ബാധകമായ 50% മൂല്യശോഷണം മുൻവർഷങ്ങളിൽ മുഴുവൻ Roads & Bridges ആസ്തിക്ക് നൽകി വരുന്നത് മൂലമാണിത് സംഭവിക്കുന്നത്.

**1-1-10 പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല**

ഷെഡ്യൂൾ I-18 Prior Period Expenditure പ്രകാരമുള്ള (-)94227/- രൂപയുടെ നോട്ട്സ് ഓൺ അക്കൗണ്ട് വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയില്ല. 290800101 - Establishment Expenses ഇനത്തിൽ 168400/- രൂപ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുള്ളതായി കാണുന്നു. ലെഡ്ജർ പരിശോധിച്ചതിൽ ടി തുക ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ നിന്നും കോവിഡ് റിക്കവറിയായി ഈടാക്കിയിട്ടുള്ളതാണ്. ആയതിനെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പ്രയർ പീരീഡ് വരവ് ചെലവുകളുടെ നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി വാർഷികകണക്കുകളോടൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-11 തൊഴിൽനികുതി,IFTE&OS ലൈസൻസ് എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

തൊഴിൽ നികുതി, IFTE&OS ലൈസൻസ് ഫീസ് എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം - രജിസ്റ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

B-4 ഷെഡ്യൂളിലെ വിവിധ തുകകൾ, വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. ICDS നീക്കിയിരിപ്പ് തുകയിൽ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ 33,283/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. 320700205-Contributions For Joint Venture Projects (Revenue Expenditure)-From District Panchayath ശീർഷകത്തിൽ നിൽക്കുന്ന തുകയുടെ വിശദാംശം ACR ൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-13 ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ഗുണഭോക്തൃ വിഹിതമിനത്തിൽ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി അവശേഷിക്കുന്ന 27,135/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുകയുടെ ആധികാരികത സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-14 ലൈഫ് ലോൺ ബാധ്യതാ കണക്കുകളിൽ അവ്യക്തത**

ലൈഫ് ഭവന പദ്ധതിയ്ക്കുള്ള വായ്പ തൻവർഷം ലഭിക്കുകയും അതിന്റെ തിരിച്ചടവിനത്തിൽ സർക്കാർ വികസന ഫണ്ടിന്റെ സ്രോതസിൽ നിന്നും കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലോണിന്റെ യഥാർത്ഥ വരവ്, ചെലവ്, തിരിച്ചടവാക്കാനുള്ള തുക എന്നിവയുടെ വിശദാംശം രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വർഷാവസാന ബാധ്യതാ കണക്കുകളിൽ അവ്യക്തതയുണ്ട്. ലോണിന്റെ യഥാർത്ഥ വരവ്, ചെലവ്, തിരിച്ചടക്കാനുള്ള തുക എന്നിവ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**1-1-15 സ്ഥിര നിക്ഷേപങ്ങളുടെ പലിശ അക്കൗണ്ട് ചെയ്തതിൽ അപാകത**

ഗ്രാമപഞ്ചായത്തിന് കോട്ടയം സബ് ട്രഷറിയിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ പലിശ വരവ് RP -8 ഷെഡ്യൂൾ പ്രകാരം 20,38,662/- രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം (FD Receipts) പലിശ തുക 1892760/- രൂപയാണ്. സ്ഥിരനിക്ഷേപങ്ങളുടെ പലിശ 799010100214978 നം. ട്രഷറി സേവിംഗ്സ് അക്കൗണ്ടിലാണ് മാസം തോറും ക്രെഡിറ്റ് ചെയ്യുന്നത്. 18,92,760/- രൂപ സ്ഥിരനിക്ഷേപ പലിശയും ആയത് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിലെ പലിശ 1,45,902/- രൂപയും ഉൾപ്പെടെ ടി അക്കൗണ്ടിലെ 2024-25 വർഷത്തെ ആകെ വരവ് 20,38,662/- രൂപ 170100101-Interest On Fixed Deposits ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-16 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി തൻ വർഷം കെ എസ് ഇ ബി യ്ക്ക് നൽകിയ 4,77,975/- രൂപ ക്രമീകരിക്കാതെ തുടരുന്നത് ബി -18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. ടി തുക Advance To Kerala State

Electricity Board എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു . മുൻകൂർ നൽകുന്ന തുക കൃത്യമായ നിക്ഷേപ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നതിനും ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ടി തുക തൻവർഷം ക്രമീകരിക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. 2024-25 വർഷത്തെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക നടപ്പ് വർഷം Prior Period ഇനമായി 460500202 നിക്ഷേപ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതും വിശദാംശം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ആയതിന്റെ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതുമാണ്.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ്, പഞ്ചായത്ത് ഭരണസമിതിയുടെ 13/02/2024 -ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്ക്കരിച്ച ബജറ്റ്, 24.03.2025 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, പരിഷ്ക്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 3,80,29,306/- | 2,44,73,473/- |
| വരവ് | 29,49,61,000/- | 25,89,39,819/- |
| ആകെ | 33,29,90,306/- | 28,34,13,292/- |
| ചെലവ് | 29,63,86,000/- | 27,73,92,000/- |
| നീക്കിയിരിപ്പ് | 3,66,04,306/- | 60,21,292/- |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷമുള്ള വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 3,84,18,988/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 7,81,79,834/- |
| ആകെ | 11,65,98,822/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,91,76,047/- |
| നീക്കിയിരിപ്പ് | 2,74,22,775/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 17,59,83,689/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,24,95,936/- |
| പ്രവർത്തന ലാഭം | 1,34,87,753/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -(6,982/-) |
| അറ്റ പ്രവർത്തന നഷ്ടം | 1,34,94,735/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 2,49,637/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,61,676/- |

## 1-4-1 ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് മുപ്പത്തിമൂന്ന് ലക്ഷത്തിൽപ്പരം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021ലെ ജി.ഒ(എം.എസ്.)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും അലോട്ട്മെന്റിന്റെ 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80%-Actual Expenditure) ഷോർട്ട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് കുറവു വരുത്തുന്നതാണ്. 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി സംരക്ഷണ ഗ്രാന്റിന്റെ ഇരു വിഭാഗത്തിലും വികസന ഫണ്ട് എസ് സി പി, എന്നിവയിലും നിശ്ചിത 80% ചെലവു

പരിധി കൈവരിയ്ക്കാൻ കഴിഞ്ഞില്ല. തൻമൂലം ഷോർട്ട് ഫോളായി 33 ലക്ഷത്തിൽപ്പരം രൂപയാണ് 2026-27 സാമ്പത്തികവർഷം നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | നീക്കിയിരിപ്പ്/ ലാപ്സായ തുക | 2025-26-ൽ അനുവദിക്കാവുന്ന ക്യാരി ഓവർ തുക (20%) ( ₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2026-27ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-SCP | 5947000 | 4264899 | 71.7 | 1682101 | 1189400 | 492701 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 21124000 | 14036684 | 66.45 | 7087316 | 4224800 | 2862516 |
| ആകെ | | | | | | 3355217 |

തൻവർഷം ക്യു ബിൽ ഇനത്തിൽ തുകയൊന്നും ശേഷിക്കാത്തതിനാൽമേൽ പരാമർശിത തുക പൂർണമായി നഷ്ടപ്പെടാനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്.

കാലികമായി പ്രോജക്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വന്ന പിഴവ്, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം സാമ്പത്തിക വർഷാവസാനമുണ്ടായ ട്രഷറി നിയന്ത്രണം എന്നിവയാണ് ഗ്രാന്റ് വിനിയോഗത്തിലെ കുറവിന് ചൂണ്ടിക്കാട്ടാവുന്ന കാരണങ്ങൾ. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കുപോലും തികയാതെ വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് ഗണ്യമായ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന തരത്തിലുള്ള വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 ഗ്രാന്റ് വിനിയോഗം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 17175000 | 17175000 | 16133204 | 1041796 | 94 |
| വികസന ഫണ്ട്-SCP | -- | 5947000 | 5947000 | 4264899 | 1682101 | 71.7 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 1640499 | 3170591 (*) | **4811090** | **3713132** | 1097958 | 77.18 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 1186846 | 7277377 | **8464223** | **3211412** | 5252811 (**) | 38 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | -- | 21124000 | 21124000 | 14036684 | 7087316 | 66.45 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | --- | 5708000 | 5708000 | 4948439 | 759561 | 87 |
| ഹെൽത്ത് ഗ്രാന്റ് (രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) | 827530 | 451327 | 1278857 | 579169 | 699688 | 45 |
| ഹെൽത്ത് ഗ്രാന്റ് (കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക) | 2805500 | 95097 | 2900597 | 0 | 2900597 | 0 |
| ഹെൽത്ത് ഗ്രാന്റ്( കുടുംബാരോഗ്യ | 6726 | 670036 | 676762 | 0 | 676762 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ) | | | | | | |
| ഐ.സി. ഡി.എസ് | 3845876 | 1385416 | 5231292 | 423407 | 4807885 | 8 |
| ശുചിത്വ മിഷൻ | 438055 | 0 | 438055 | 438055 | 0 | 100 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 1092710 | 1092710 | 1092710 | 0 | 100 |

(*)- 2893322( അലോട്ട്മെന്റ് ബാങ്ക്)+ 87843 (അലോട്ട്മെന്റ് ട്രഷറി) + 189426- പലിശ)

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ വിനിയോഗം ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

1) വികസന ഫണ്ട് ജനറലിൽ നിന്നും ജി.ഓ പ്രോജക്ടുകൾ പ്രകാരം 315479 /- രൂപ ലൈഫ് വായ്പ മുതൽ തിരിച്ചടവ് (പ്രോജക്ട് നമ്പർ 348/25, 350/25), 1533000/- രൂപ അങ്കണവാടി അധികവേതനം (പ്രോജക്ട് നമ്പർ 347/25) എന്നീ ഇനങ്ങളിൽ രൂപ കുറവു ചെയ്തിരുന്നു. വികസനഫണ്ടിൽ നിന്നും ആകെ കുറവ് ചെയ്ത തുക 1848479/- രൂപ.

3) ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 189426/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

4)ധനകാര്യകമ്മീഷൻ അൺടൈഡ് ഗ്രാന്റിനത്തിലെ നീക്കിയിരിപ്പായ 1097958/- രൂപയിൽനിന്നും വിവിധ റിക്കവറികൾ കുറവ് ചെയ്തശേഷമുള്ള 963700/- രൂപയാണ് നീക്കിയിരിപ്പായി ബി 4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത്.

5) (**) ട്രഷറിയിൽ ക്രെഡിറ്റായ അലോട്ടമെന്റിൽ 278241/- രൂപ ചെലവഴിക്കാതെ നഷ്ടമായി. ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിനത്തിലെ നീക്കിയിരിപ്പായ 4974570/- (5252811-278241) രൂപയിൽ നിന്നും വിവിധ റിക്കവറികൾ കുറവ് ചെയ്ത് 4891371/- രൂപയാണ് ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.

6)ഹെൽത്ത്ഗ്രാന്റ് വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയിൽ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

മേൽ അപാകതകൾക്കും വിശദീകരണങ്ങൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) വിജയപുരം ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 28-02-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 116 സ്പിൽഓവർ പ്രോജക്ടുകളും 188 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 304 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച/ നടപ്പിലാക്കിയ പ്രോജക്ട് ശതമാനം |
|---|---|---|---|---|---|
| 304 | 24,40,16,938 | 187 | 7,56,84,661 | 117 | 61.5% |

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 21-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 03-01-2024 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 06-01-2024 |
| വികസനസെമിനാർ | 20-01-2024 |

<u>പദ്ധതിനിർവ്വഹണം</u>

ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്എന്നിവ താരതമ്യേന ഫലപ്രദമായി മികവുറ്റ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. വനിതാ ഫിറ്റ്നസ് സെന്റർ,ഹാപ്പിനെസ് പാർക്ക്, എംസിഎഫിന് സ്ഥലം വാങ്ങൽ തുടങ്ങി വൈവിദ്ധ്യങ്ങളായ പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കിയിരുന്നു. എങ്കിലും അംഗീകാരം ലഭിച്ച 304 പ്രോജക്റ്റുകളിൽ 187 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 7,56,84,661/- രൂപയാണ്. ചെലവ് 31% മാത്രം. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ കൂടുതലും നടപ്പാക്കാത്തതും ലഭ്യമായ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതു മൂലം വളരെയധികം പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയുംശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 8 | 8 | 62,45,651/- | 33,31,200/- | 53.33 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 11,97,750/- | 11,97,750/- | 100 |
| 3. | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 18 | 16 | 49,46,061/- | 34,34,891/- | 69.44 |
| 4. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 6 | 6 | 9,17,728/- | 8,84,594/- | 96.38 |
| 5. | വിഇഒ | 16 | 14 | 12,26,72,154/- | 1,66,88,177/- | 13.6 |
| 6. | ഐസിഡിഎസ് സൂപ്പർവൈസർ | 7 | 5 | 38,63,330/- | 28,74,722/- | 74.41 |
| 7. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 5,50,000/- | 5,50,000/- | 100 |
| 8. | സെക്രട്ടറി | 50 | 34 | 2,62,43,738/- | 1,35,49,558/- | 51.62 |
| 9. | അസിസ്റ്റന്റ് എഞ്ചിനീയർ | 165 | 73 | 7,20,11,151/- | 2,87,10,694/- | 39.86 |
| 10. | ഹെഡ് മാസ്റ്റർ | 6 | 6 | 8,95,000/- | 8,46,215/- | 94.5 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 16 | 14 | 40,07,132/- | 32,20,858/- | 80.37 |
| 12 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 2 | 3,17,243/- | 2,73,502/- | 86.21 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1,50,000/- | 1,22,500/- | 81.6 |
| | **ആകെ** | **304** | **187** | **24,40,16,938/-** | **7,56,84,661/-** | **31** |

ലൈഫ് ഭവനപദ്ധതിയ്ക്കായി വൻതുകകൾ ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്നെങ്കിലും ആയവയുടെ ചെലവിൽ വേണ്ടത്ര പുരോഗതി ഉണ്ടായിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിവിധ പ്രോജക്ടുകളിലൂടെ ആകെ 39.86% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 165 പ്രോജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും 73 എണ്ണം മാത്രമാണ് നടപ്പാക്കിയത്. തന്മൂലം പശ്ചാത്തല മേഖല ചെലവിലും ആകെ പദ്ധതിച്ചെലവിലും സാരമായ കുറവ് വരുകയുണ്ടായി.

**<u>സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക 1.08കോടിയിലധികം രൂപ</u>**

2024-25 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. വികസനഫണ്ട് SCP ചെലവഴിച്ചത് 71.7% മാത്രമാണ്. കൂടാതെ റോഡ്/റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗം യഥാക്രമം 66.45%വും 87%വും മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന

ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1041796 |
| വികസന ഫണ്ട്-SCP | 1682101 |
| ധനകാര്യകമ്മീഷൻഗ്രാന്റ്-ടൈഡ് | 278241/- |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 7087316 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 759561 |
| ആകെ ലാപ്സായ തുക | 1,08,49,015 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 1.08 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

**സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു**

സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും ചെലവുപത്രികയിൽ ചെലവായി രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകളിൽ 2024-25 വർഷംപ്രോജക്ട് നം. 264/25 പ്രകാരം തനത് ഫണ്ട് ചെലവഴിച്ച 2,69,399/-രൂപ സുലേഖ പത്രികയിൽ ചെലവ് ചേർത്തിരുന്നില്ല. തൻമൂലം സുലേഖ പ്രകാരം സെക്രട്ടറിയുടെ ആകെ ചെലവ് ശതമാനം 52% മാത്രമായി. ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ഗ്രാമ പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതിക നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, തൻവർഷം സാങ്കേതിക അനുമതി ലഭിച്ച 223 പ്രോജക്ടുകളിൽ, 99 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം തൊഴിൽ കാർഡിനായി അപേക്ഷിച്ച 22 പേർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 25092 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 378 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവസംരക്ഷണത്തിന് മുൻഗണനനൽകി കൊണ്ട് മരം വച്ചുപിടിപ്പിക്കൽ,കേരവൃക്ഷതൈ നടീൽ, ഭൂവികസനം, തോട് പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി. തൻവർഷം ശരാശരി 63.52 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2024-2025 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| **വരവ്** | | **ചെലവ്** | |
|---|---|---|---|
| **മുന്നിരിപ്പ്** | **0** | സ്കിൽഡ് ലേബർ | 226825 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 648635 | അൺസ്കിൽഡ് ലേബർ | 8500070 |
| പലിശ വരവ് | 5868 | മെറ്റീരിയൽ | 10615 |
| **ആകെ നേരിട്ടുള്ള വരവ്** | **654503** | **ആകെ DBT ചെലവ്** | **8737510** |
| സ്കിൽഡ് ലേബർ | 226825 | ശമ്പളം, പ്രിന്റിങ്ങ് & സ്റ്റേഷനറി | |
| അൺസ്കിൽഡ് ലേബർ | 8500070 | മറ്റുള്ളവ | |
| മെറ്റീരിയൽ | 10615 | **ആകെ നേരിട്ടുള്ള ചെലവ്** | **654503** |
| **ആകെ DBT വരവ്** | **8737510** | മറ്റ് ചെലവുകൾ (100 ദിന അലവൻസ്) | 0 |

| | | | |
|---|---|---|---|
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമുള്ള മുൻകൂർ തുക | 0 | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 0 |
| മറ്റ് വരവുകൾ (100 ദിന അലവൻസ്) | 0 | **നീക്കിയിരിപ്പ്** | 0 |
| **ആകെ** | **9392013/-** | **ആകെ** | **9392013/_** |

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 42265600 | 2730 |
| വിധവാപെൻഷൻ | 14417300 | 917 |
| വികലാംഗപെൻഷൻ | 4241400 | 271 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 840600 | 52 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 08.01.2026 തീയതിയിൽ 3.10 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2042/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

2024-25 വർഷം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടാനുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ ഉത്തരവുകളിറക്കിയിരുന്നുവെങ്കിലും ആയത് വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തി ഫയലുകൾ കൈമാറ്റം ചെയ്യാതെയാണ് വിടുതൽ ചെയ്യുന്നത്. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, വായ്പാ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ പരിപാലനവും യഥാവിധിയല്ല നടക്കുന്നത്. ഓഫീസ് സംവിധാനം കാര്യക്ഷമമാക്കാൻ ഭരണസമിതിയും, സൂപ്പർവൈസറി തല ഉദ്യോഗസ്ഥന്മാരും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/22 | 2022-23 | 19.09.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി.എ(എച്ച്.ക്യൂ) II/8A-2435/38 തീ 31.05.16 |

## 1-11 രസീതു ബുക്കുകളുടെ സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകത

വിജയപുരം ഗ്രാമപഞ്ചായത്തിൽ ലൈബ്രറി വരവുകൾ, ആംബുലൻസ് വാടക, ഹാപ്പിനസ്സ് പാർക്ക് വരവുകൾ എന്നിവ രസീതു മുഖേനയാണു പിരിച്ചു വരുന്നത്. എന്നാൽ മേൽ വരവുകൾ സ്വീകരിക്കുന്നതിനായി നൽകിയിരിക്കുന്ന രസീതു ബുക്കുകൾ ഒന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണു ഇഷ്യൂ ചെയ്തിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 83 പ്രകാരം രസീതു ബുക്കുകൾ ലഭിച്ച ഉടൻതന്നെ എണ്ണുകയും നമ്പറിടുകയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ഇപ്രകാരം സ്റ്റോക്കിൽ എടുക്കാതെ രസീതു ബുക്കുകൾ വിതരണം ചെയ്യുന്ന നടപടി ക്രമപ്രകാരമല്ലാത്തതും പണാപഹരണം ഉൾപ്പെടെയുള്ള ആശാസ്യമല്ലാത്ത തെറ്റായ പ്രവണതകൾക്കു കാരണമാകുന്നതുമാണ്. രസീതു ബുക്കുകൾ സ്റ്റോക്കിൽ എടുക്കുന്നുണ്ടെന്നും വരവുകൾ എല്ലാം പഞ്ചായത്തു ഫണ്ടിൽ കൃത്യമായി അടവാക്കുന്നുണ്ടെന്നു ഉറപ്പാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചു.

പഞ്ചായത്തിൽ 05-04-2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വിവിധ ഉപയോഗക്രമങ്ങളും വസ്തുനികുതി നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ , 300 ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് ചതുരശ്ര മീറ്ററിന് യഥാക്രമം 7/-, 8/- എന്നിങ്ങനെയാണ് നികുതി നിശ്ചയിച്ച്

വിജ്ഞാപനം ചെയ്തിട്ടുള്ളത്. ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിന് 300 ച.മീ.വരെയുള്ളവ, 300 ച.മീ. മുകളിലുള്ളവ എന്നിവയ്ക്ക് ച.മീറ്ററിന് യഥാക്രമം 50, 60 എന്നിങ്ങനെയാണ് നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

വിജയപുരം വില്ലേജ്, സർവ്വേ നമ്പർ 264/3264/21 ലുള്ള പുരയിടത്തിൽ നിർമ്മിച്ചിട്ടുള്ള 3 നിലകളിലായി 6 പാർപ്പിട യൂണിറ്റുകളുള്ള കെട്ടിടത്തിന് 7/52 A-F എന്നീ നമ്പറുകൾ അനുവദിച്ചിട്ടുണ്ട് (സൈൻഡ് ഡേറ്റ് 24.08.2024). പ്രസ്തുത കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 478.78 ച.മീ. ആണ്. മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന 300ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ച.മീ.ന് 8 രൂപ നിരക്കിലാണ്. കെട്ടിടത്തിന്റെ പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ (പെർമിറ്റ് നം. SC2-BA(185656)2022/04.06.2022) പരിശോധിച്ചതിൽ കെട്ടിടത്തിലെ ഓരോ പാർപ്പിട യൂണിറ്റുകൾക്കും പ്രത്യകം അടുക്കള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. കെട്ടിടത്തിലെ പാർപ്പിട യൂണിറ്റുകൾ താമസാവശ്യത്തിനായി വാടകയ്ക്ക് നൽകുവാനായി നിർമ്മിച്ചിട്ടുള്ളതാണെന്ന് ഇതിൽ നിന്നും വ്യക്തമാണ് . മേൽ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട ഉടമ താമസിക്കുന്നതും ഹോം സ്റ്റേ ആയി വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ കെട്ടിടങ്ങൾക്ക് മാത്രമേ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കാൻ സാധിക്കൂ. എന്നാൽ ഇത് പരിഗണിക്കാതെയാണ് മേൽ കെട്ടിടത്തെ കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത്. 'പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ- 300 ച.മീ ൽ കൂടുതലുള്ളവ' യുടെ (60/ ച.മീ.) ഗണത്തിൽപ്പെടുത്തിയായിരുന്നു മേൽ കെട്ടിടത്തിന് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് .

നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനം | കെട്ടിട നം./ ഉടമയുടെ പേര്/ നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി (ഇളവുകളും വർദ്ധനവുകളും ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത് ച.മീറ്ററിന് 50 നിരക്കിൽ (ഇളവുകളും വർദ്ധനവുകളും ഉൾപ്പെടെ) | നികുതിയിലെ കുറവ് ( സേവന ഉപനികുതിയും ലൈബ്രറി സെസും ഒഴികെ) |
|---|---|---|---|---|---|
| 1 | 7/52 A-F<br>ബെന്നി മാണി<br>പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ ൽ കൂടുതലുള്ളവ | 478.78 | 478.78x8.4 (5% വാർഷിക വർദ്ധനവ് ) = 4022/-<br>റോഡ് - 20% വർദ്ധനവ് - 804/-<br><br>ആകെ-4826/- | 478.78x63 (5% വാർഷിക വർദ്ധനവ് ) = 30163/-<br>റോഡ് - 20% വർദ്ധനവ് - 6033/-<br><br>ആകെ-36196/- | 31370/- |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/13.01.26) മറുപടി ലഭ്യമാക്കിയില്ല. ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-13 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതിയിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കിയില്ല</u>**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) 2011 ചട്ടം 6(5) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടത്തെ വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതുമൂലം തറനിർമ്മിതിയുടെ തരം കണക്കിലെടുത്തതായി കാണുന്നില്ല.

| ഉടമ | വില്ലേജ് / സർവ്വേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | തറനിർമ്മിതിയുടെ തരം |
|---|---|---|---|---|
| ബിജു സി എച്ച് ചെത്തിയിൽ | വിജയപുരം 133/17-1 | 1/336 A | 102.19 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ |
| | | 1/336 B | 76.06 | |
| | | 1/336 C | 50.18 | |
| | | 1/336 D | 43.42 | |

| ആകെ വിസ്തീർണ്ണം | 271.85 | |
|---|---|---|

ടി കെട്ടിടത്തിന്റെ ഫോം - 6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ -ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്. എന്നാൽ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസ്സസ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടാതെയും നികുതി നിർണ്ണയിച്ചു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 13/13.1.2026) മറുപടിയായി കെട്ടിടം റീ അസ്സസ് ചെയ്യിട്ടും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വന്നിട്ടില്ലായെന്നാണ് അറിയിച്ചത്. ലഭ്യമായില്ല. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധനവ് ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധനവ് ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

**<u>1-14 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു</u>**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ .

| ഉടമയുടെ പേര് | വില്ലേജ്/സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | ഉപയോഗ ഗണം | മേഖല |
|---|---|---|---|---|---|
| ബിനോയ് വർക്കി | മുട്ടമ്പലം 103/23 | 10/351 | 188.62 | പാർപ്പിടം | പ്രഥമം |
| | | 10/351 A | 84 | വാണിജ്യം | ദ്വിതീയം |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/13.1.26) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**<u>1-15 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തി</u>**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6-നു കീഴിലുള്ള പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ അടിസ്ഥാന വസ്തുനികുതിക്ക് വർദ്ധനവുകളും, ഇളവുകളും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക അനുസരിച്ച്, 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്/ സർവ്വേ നം. | കെട്ടിട നമ്പർ | ഉപയോഗ ഗണം | വഴി സൗകര്യം |
|---|---|---|---|
| എൻ ധർമ്മരാജൻ മുട്ടമ്പലം 23/103-26 | 10/348 | പാർപ്പിടാവശ്യം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |
| | 10/348 A | വാണിജ്യവശ്യം | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |

നികുതി നിർണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/13.1.26) മറുപടി ലഭ്യമാക്കിയില്ല. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ

അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്.

**1-16 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല**

വിജയപുരം ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ കളത്തിപ്പടി | 1,2 |
| 2 | അക്ഷയ ഔട്ട് ഡോർ കാറ്ററിങ് സർവ്വീസ് | 1,2 |
| 3 | അദ്ധ്യാപക അർബൻ കോപ്പറേറ്റീവ് ബാങ്ക് | 2 |
| 4 | പാരഗൺ പോളിമർ പ്രോഡക്ട്സ് | 2 |
| 5 | സൺബീൻ | 1,2 |
| 6 | കെ എം ടെക്നോളജീസ് | 1,2 |
| 7 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് കളത്തിപ്പടി | 1,2 |
| 8 | എറണാകുളം റീജിയണൽ കോപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ് | 2 |
| 9 | പെന്റഗൺ സെക്യൂരിറ്റി സർവ്വീസസ് | 1,2 |
| 10 | എസ് ബി ഐ ഫണ്ട്സ് മാനേജ്മെന്റ് ലിമിറ്റഡ് | 1,2 |
| 11 | അക്ഷയ പാറമ്പുഴ | 2 |
| 12 | ഗ്രേസ് കൺസൾട്ടൻസി | 2 |
| 13 | ഐ ഐ ഇ എം എസ് | 2 |
| 14 | ജൂബിലി മോട്ടോഴ്സ് | 1, 2 |
| 15 | ജി- സ്കചയർ മോട്ടോഴ്സ് | 1, 2 |
| 16 | നിവ ബുപ ഹെൽത്ത് ഇൻഷുറൻസ് | 1, 2 |
| 17 | മൊക്കാന ഡി അഡിക്ഷൻ സെന്റർ | 1, 2 |
| 18 | ഇൻഡസ് ഇൻഡ് ബാങ്ക് കളത്തിപ്പടി | 2 |
| 19 | ആപ്റ്റ് ഔട്ട് സോഴ്സിങ് സൊലൂഷൻസ് | 2 |
| 20 | മിനി മുത്തൂറ് നിധി ലിമിറ്റഡ് | 2 |
| 21 | കോട്ടയം ഇൻസ്റ്റിട്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി | 2 |
| 22 | ഇൻടെക്സ് ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 23 | മാൻപറമ്പിൽ മോട്ടോഴ്സ് | 1, 2 |
| 24 | ട്യൂട്ടർ വേവ് സൊലൂഷൻസ് | 2 |
| 25 | കെ വി സി എസ് 4172 | 1, 2 |
| 26 | അക്ഷയ സെന്റർ കളത്തിപ്പടി | 1, 2 |
| 27 | ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് | 1, 2 |
| 28 | തിരുവഞ്ചൂർ കോപ്പറേറ്റീവ് ബാങ്ക് | 1, 2 |
| 29 | വി സ്റ്റാർ ക്രിയേഷൻസ് | 1, 2 |
| 30 | പോപ്പീസ് ബേബി കെയർ | 1, 2 |
| 31 | എസ്.ബി.ഐ മാങ്ങാനം | 1, 2 |
| 32 | കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ് | 1 |
| 33 | സപ്ളൈ കോ മാങ്ങാനം | 1 |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/14.01.26) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനൊപ്പം പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-17-1 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല**

വിജയപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ

മരാമത്ത് പ്രോജക്റ്റുകൾ ഏറ്റെടുത്ത കരാറുകാരാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച കരാറുകാരുടെ വിശദാംശം ലഭ്യമായിരുന്നിട്ടും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് കരാർ വെച്ചിട്ടുള്ളതും നികുതി ഒടുക്കാത്തതുമായ കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2024-25 വർഷത്തെ കരാറുകാർ |
|---|---|
| 1. | റോയ് കുര്യാക്കോസ് |
| 2. | അലൻ ജോർജ് ഫിലിപ്പ് |
| 3. | ഷിബു മോൻ പി |
| 4 | മണി കുരുവിള |
| 5 | ഷിബു ഏബ്രഹാം |
| 6 | ജീന ബിനു |
| 7 | സുനിൽ കെ എം |
| 8 | രാഹുൽ നാരായണൻ |
| 9 | രതീഷ് പി എസ് |
| 10 | പി കെ വിജയൻ |

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തു കൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/14-01-2026) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ തൊഴിൽ നികുതി 2024-25 വർഷത്തേത് നടപ്പ് വർഷം കുടിശ്ശികയായി Prior Period Tax റവന്യൂ ശീർഷകത്തിൽ അടവാക്കിയ ശേഷം ആയതിന്റെ നികുതി ഒടുക്കിയ രസീതുകളും ഡിമാന്റ് ലിസ്റ്റും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

വിജയപുരം ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ കളത്തിപ്പടി | 2 |
| 2 | സീനിയർ പോസ്റ്റ് മാസ്റ്റർ | 2 |
| 3 | ഡിസ്ട്രിക്റ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസ്സൽ കമ്മീഷൻ | 1 |
| 4 | അക്ഷയ പാറമ്പുഴ | 2 |
| 5 | ഗ്രേസ് കൺസൾട്ടൻസി | 2 |
| 6 | ആപ്റ്റ് ഔട്ട് സോഴ്സിങ് സൊലൂഷൻസ് | 2 |
| 7 | തഹസിൽദാർ കോട്ടയം | 2 |
| 8 | കോട്ടയം ഇൻസ്റ്റിട്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി | 2 |
| 9 | കെ വി സി എസ് 4172 | 2 |
| 10 | മാടപ്പള്ളി ട്രേഡിങ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 11 | അക്ഷയ സെന്റർ കളത്തിപ്പടി | 2 |
| 12 | ഇൻഡസ് മോട്ടോഴ്സ് | 1 |
| 13 | ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് | 1 |
| 14 | തിരുവഞ്ചൂർ കോപ്പറേറ്റീവ് ബാങ്ക് | 1 |
| 15 | വി സ്റ്റാർ ക്രിയേഷൻസ് | 2 |
| 16 | സപ്ലൈകോ മാങ്ങാനം | 1 |
| 17 | പോപ്പീസ് ബേബി കെയർ | 1 |
| 18 | എസ്.ബി.ഐ മാങ്ങാനം | 1 |
| 19 | ഐ ഐ ഇ എം എസ് | 1 |

| | | |
|---|---|---|
| 20 | അക്ഷയ ഔട്ട് ഡോർ കാറ്ററിങ് സർവ്വീസ് | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (04/14.01.26 മറുപടി ലഭിച്ചില്ല. ജീവനക്കാരുടെ തൊഴിൽ നികുതി, അതത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് തനത് ഫണ്ടിന് നികുതി ഇനത്തിൽ നഷ്ടത്തിന് ഇടയാക്കുന്നു.1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടു വരുന്നവർ അടവാക്കേണ്ട തൊഴിൽ നികുതി ബന്ധപ്പെട്ടവരിൽ നിന്നും കൃത്യമായി തന്നെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2021-22 സാമ്പത്തിക വർഷം 461 ഒ.എഫ്.സി പോളുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിന്റെയും (ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 455 പോളുകൾ + ടെലി സോണിക് നെറ്റ് വർക്ക് എന്ന സ്ഥാപനം 6 പോളുകൾ) അവയുടെ വാർഷിക വാടകയിനത്തിൽ 1,65,960/- രൂപ (ഒ.എഫ്.സി പോൾ ഒന്നിന് 360/- രൂപ നിരക്കിൽ) ഐ.എൽ.ജി.എം.എസിൽ ഒടുക്കിയതിന്റെയും വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്റ്റിക് ഫൈബർ കേബിൾ പോളുകൾ സ്ഥാപിക്കൽ, വാടക നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച പബ്ലിക് വർക് ഡിപ്പാർട്ട്മെന്റിന്റെ 23.01.2020 തീയതിയിലെ ജി.ഓ (ആർ.ടി) നം. 89/2020/PWD നമ്പർ ഉത്തരവ് പ്രകാരം സ്ഥാപിക്കപ്പെട്ട ഒ.എഫ്.സി പോളുകളുടെ ആദ്യ വർഷത്തെ വാടക പോൾ ഒന്നിന് 360/- രൂപ നിരക്കിലാണെങ്കിലും തുടർന്നുള്ള വർഷങ്ങളിലെ വാടകയിൽ 5% വീതം വർദ്ധനവ് വരുത്തേണ്ടതാണ്. ഇതനുസരിച്ച് ഒപ്റ്റിക് ഫൈബർ കേബിൾ പോളുകളുടെ വാടക 2022-23 വർഷം 378/- രൂപയായും 2023-24 സാമ്പത്തിക വർഷം വാടക 397/- രൂപയായും 2024-25 വർഷം 417/- രൂപയായും പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതനുസരിച്ച് 2024-25 വർഷം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് 1,89,735/- രൂപയും (455@417) ടെലി സോണിക് നെറ്റ് വർക്കിൽ നിന്ന് 2502/- രൂപയും (6@417) ഉൾപ്പെടെ 1,92,237/- രൂപ ഒ.എഫ്.സി പോളുകളുടെ വാർഷിക വാടകയിനത്തിൽ ഈടാക്കേണ്ടതായിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക 2022-23 വർഷം മുതൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിരുന്നതുമൂലമുള്ള നഷ്ടത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഈടാക്കേണ്ട വാടക |
|---|---|
| 2022-23 | 461@378=174258/- |
| 2023-24 | 461@397=183017/- |
| 2024-25 | 461@417=192237/- |
| ആകെ | 549512/- |

ടി വാടക ഡിമാന്റ് ചെയ്യുകയോ ഇതു സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. (തൻവർഷത്തെ നഷ്ടം 192237/- രൂപ മാത്രം ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു).

**1-19 61,848/- രൂപ മുൻ വർഷ വാടക കുടിശ്ശിക നിൽക്കുന്നു - വാടക നിക്ഷേപം മുതൽക്കൂട്ടിയില്ല**

ഗ്രാമപഞ്ചായത്തിന്റെ 31/03/2025 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 4331400102-Rent Receivable From Buildings(Arrears) ശീർഷകത്തിൽ 61,848/- രൂപ വാടക കുത്തകക്കാർ ഒടുക്കാനുള്ളതായി കാണുന്നു. വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 4-ാം നമ്പർ മുറിയ്ക്കാണ് കുടിശ്ശിക നിലനിൽക്കുന്നത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | അനിൽ പി ഗോപി കണ്ണങ്കര തകിടിയേൽ വടവാതൂർ | 04 | 5154 | 04/2023 – 03/2024 ( 12 മാസം ) |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം വാടക നിക്ഷേപമായി (Rent Deposit) 1,70,953 രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക വരുത്തിയ കുത്തകക്കാരന്റെ നിക്ഷേപം വാടകകുടിശ്ശികയിനത്തിൽ ക്രമീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മേൽ കുത്തകക്കാരന്റെ വാടക നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നുണ്ട്. വാടക സംബന്ധിച്ച ബൈലോയും നിലവിലില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/13.01.2026) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക, വാടക നിക്ഷേപത്തിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്. ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് കുടിശ്ശിക വാടക+18% GST+ പിഴപ്പലിശ സഹിതം തുക ക്രമീകരിച്ച് ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ട്രഷറി അക്കൗണ്ടിലെ നിക്ഷേപത്തിന് ആദായ നികുതി ഈടാക്കുന്നു

പഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ പലിശ 799010100214978 നമ്പർ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലാണ് മാസം തോറും ക്രെഡിറ്റ് ചെയ്യുന്നത്. ടി അക്കൗണ്ടിലുള്ള തുകയ്ക്ക് തൻ വർഷം ലഭ്യമായ 145902/- രൂപപലിശയ്ക്ക് റ്റി.ഡി.എസ് ആയി 10 % തുകയായ 14590/- രൂപ 17.05.2024 തീയതിയിൽ കുറവ് ചെയ്തിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമം സെക്ഷൻ 10 (20) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് . ആയതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പലിശ തുകയ്ക്ക് ഇത്തരത്തിൽ തുക കുറവ് ചെയ്യേണ്ടതില്ല. റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുവാൻ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/15.01.2026) മറുപടിയായി തുക തിരികെ ലഭിക്കുന്നതിന് കോട്ടയം സബ്ട്രഷറി ഓഫീസർക്ക് കത്ത് നൽകിയതായി അറിയിച്ചു. ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഓഡിറ്റ് ഇംപാക്ട് - ലൈബ്രറി വരവുകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല

വിജയപുരം ഗ്രാമപഞ്ചായത്തിലെ ലൈബ്രറിയുടെ രസീതുബുക്കുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. രസീതുബുക്കിലെ ലീഫുകളിൽ ക്രമ നമ്പർ ചേർക്കുകയും എണ്ണൽ സാക്ഷ്യപത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.

2.രസീത് എഴുതുന്നതിനു ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ അസ്സൽ രസീതും പകർപ്പും രണ്ടായി എഴുതിയിരിക്കുന്നു.

3.പരിശോധനയ്ക്കു ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം 23.06.2022 മുതൽ 18.09.2025 വരെയുള്ള കാലയളവിൽ 21 പേർക്ക് അംഗത്വം അനുവദിച്ചിട്ടുണ്ട് (അംഗത്വ ഫീസ് – 100/-). എന്നാൽ 7 പേരിൽ നിന്നു മാത്രമാണു രസീത് മുഖേന പണം സ്വീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള 14 പേരിൽ നിന്നു തുക സ്വീകരിച്ചതു എപ്രകാരമാണെന്ന് വ്യക്തമല്ല.

4. 13.07.2024, 15.11.2024, 21.11.2024, 20.01.2025, 09.04.2025, 07.05.2025, 18.09.2025 എന്നീ തീയതികളിലാണ് മേൽ പറഞ്ഞ 7 പേരിൽ നിന്നു 700/- രൂപ സ്വീകരിച്ചിട്ടുള്ളതെങ്കിലും നാളിതു വരെ പ്രസ്തുത തുക പഞ്ചായത്തിൽ അടവാക്കിയില്ല.

മേൽ പരാമർശിത അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 04/12.01.2026) നൽകിയതിനെ തുടർന്ന് 2100/- (700/- +1400) രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീത് ഓഡിറ്റിൽ ഹാജരാക്കി.
(രസീത് നം. R-GO50804-25008065/13.01.26 രൂ 700/-, രസീത് നം. R-GO50804-25008190/19.01.26 രൂ 1400/-).

കെ.എഫ്.സി വാല്യം 1, ആർട്ടിക്കിൾ 7(1), 7(2) പ്രകാരം സർക്കാരിനു ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ പ്രസ്തുത തുകയ്ക്ക് രസീതു നൽകേണ്ടതും ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ അടവാക്കേണ്ടതുമാണ്. പൊതു പണം കൈകാര്യം ചെയ്യുമ്പോൾ മേൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം ദീർഘനാളുകളായി ഉള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32 പ്രകാരം നിശ്ചിത കാലയളവുകളിൽ മുൻകൂറുകൾ ക്രമീകരിക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. 31-03-2025 വരെ ക്രമീകരിക്കാതെ തുടരുന്ന മുൻകൂറുകളുടെ വിവരം ബാലൻസ് ഷീറ്റ് പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു .

| ക്രമ നം. | കണക്ക് ശീർഷകം | മുൻകൂർ ഇനം (Details Of Advance Paid) | മുൻകൂർ തുക |
|---|---|---|---|
| 1. | 460500202 | വൈദ്യുതി ബോർഡ് (KSEB Ltd.) | 1,48,869/- |
| 2. | 460500204 | കേരള വാട്ടർ അതോറിറ്റി (KWA) | 40,81,675/- |

| | | | |
|---|---|---|---|
| 3. | 460500206 | ANERT | 6215/- |
| 4. | 460500201 | ഭൂജല വകുപ്പ് (GWD) | 59,80,810/- |
| ആകെ 31/03/2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | | | 1,02,17,569/- |

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ ഭൂജല വകുപ്പിൽ നിക്ഷേപ പ്രവൃത്തികൾക്ക് പഞ്ചായത്ത് നിക്ഷേപിച്ചിരുന്ന 54 ലക്ഷത്തിലധികം രൂപയുടെ പ്രവൃത്തികളുടെ 31/03/2025 വരെയുള്ള പുരോഗതി (Implementation Status) പഞ്ചായത്ത് അധികാരികൾ പരിശോധിച്ച് 2024-25 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ തുക നിക്ഷേപിച്ച പ്രവർത്തികൾ 31/03/2025ലും നിർവ്വഹണം തുടങ്ങിയോ എന്ന വിവരവും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ സോളാർ പാനൽ ഇൻസ്റ്റലേഷൻ ഫീസിബിലിറ്റി സ്റ്റഡിക്കായി അനെർട്ടിന് നൽകിയ 6215/-രൂപ (ചെക്ക് നം. 275459/24.04.2019) 6 വർഷത്തിനുശേഷവും ക്രമീകരിച്ചിട്ടില്ല . പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാതെ ദീർഘകാലം തുടരുന്ന അവസ്ഥയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/13.01.2025) മറുപടി ലഭ്യമാക്കിയില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതാണ്. വാർഡുകളിൽ ഫീൽഡ് പരിശോധന നടത്തി പ്രവൃത്തികളുടെ കാലിക സ്ഥിതി, പ്രവൃത്തി ആരംഭിച്ചതിന്റെ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ചേർത്ത് രജിസ്റ്ററുകൾ പരിഷ്ക്കരിക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നൽകിയ എല്ലാ മുൻകൂറുകളും 2025-26 വർഷം തന്നെ ക്രമീകരിച്ച ശേഷം ക്രമീകരണ വരവ്/ജേർണൽ വൗച്ചർ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 തെരുവുവിളക്കുകളുടെ പരിപാലനം - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. എസ്0055/25 തെരുവുവിളക്ക് പരിപാലനം അനുബന്ധ ഉപകരണങ്ങൽ വാങ്ങൽ | പ്രോജക്ട്നം. 264/25 തെരുവു വിളക്കുകൾക്ക് പരിപാലനം (സ്പിൽ ഓവർ) |
| അടങ്കൽ- 4,90,000/- (തനത് ഫണ്ട് ) | അടങ്കൽ – 7,75,000/- (തനത്ഫണ്ട്) |
| ചെലവ് -3,71,793/- | ചെലവ് – 7,34,344/-<br>4,64,945/- (വൗച്ചർ നമ്പർ 22400742/16-10-24)<br>2,69,399/- (വൗച്ചർ നമ്പർ 22400905/30-11-24) |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം S0055/25 തെരുവുവിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി ഏഷ്യൻ മാർക്കറ്റിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ സ്ട്രീറ്റ് ലൈറ്റുകളും (23W LED ലൈറ്റ് 2000 എണ്ണം) അനുബന്ധ ഉപകരണങ്ങളും സഹിതം വാങ്ങിയിട്ടുണ്ട്. കൂടാതെ 0264/25-ാം നമ്പർ തെരുവുവിളക്കുകൾക്ക് പരിപാലനം എന്ന പ്രോജക്റ്റ് പ്രകാരം ആലിഫ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് 2456 ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തിയതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 7,34,344/- നൽകിയിരുന്നു.

പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ചെയ്യേണ്ട ലൈറ്റുകളുടെ എണ്ണം ടെൻഡർ പരസ്യത്തിൽ ചേർത്തിരുന്നില്ല. ആകെ എത്ര യൂണിറ്റുകൾ ഉണ്ടെന്നതിന് കൃത്യമായ കണക്കുകളില്ലാതെ മെയിന്റനൻസ് നടത്തേണ്ടതിന് അടങ്കൽ തുക നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

3. പ്രോജക്ട് നം. 264/25 പ്രകാരമുള്ള ബിൽ തുകകളിൽ നിന്നും ടിഡിഎസ് ആയി കിഴിവ് നടത്തേണ്ടിയിരുന്ന GST (2% തുക) കിഴിവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.

4. പ്രോജക്ട് നം. 55/25 പ്രകാരം കരാറുകാരൻ ഹാജരാക്കിയ ബില്ലുകൾ പ്രകാരം 2000 എണ്ണം 23W LEDലൈറ്റുകൾ പുതുതായി വാങ്ങിയിട്ടുണ്ട്. മെയിന്റനൻസ് കരാർ പ്രകാരമുള്ള പ്രോജക്റ്റിന്റെ (264/25) ഭാഗമായി 2456 പോസ്റ്റുകളിൽ അറ്റകുറ്റപ്പണി നടത്തി 7,34,344/- ചെലവഴിച്ചതായി കാണുന്നു. അറ്റകുറ്റപ്പണിയ്ക്കായുള്ള പ്രോജക്റ്റ് പ്രകാരം ഓരോ വാർഡിലും ഏതൊക്കെ ഉപകരണങ്ങളാണ് മാറ്റിസ്ഥാപിച്ചത് എന്നത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 55/25-ാം നമ്പർ പ്രോജക്റ്റ് പ്രകാരം സ്ഥാപിച്ച ലൈറ്റുകൾ കേടാകുന്നവ വാറന്റി കാലയളവിലുള്ളതാണോയെന്നത് നിരീക്ഷിക്കാൻ ഗ്രാമപഞ്ചായത്തിൽ സംവിധാനമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/12-1-26)ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നത് വരെ പരിപാലനത്തിനായി പ്രോജക്ട് നം. 264/25 പ്രകാരം ചെലവഴിച്ച 7,34,344/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-24 ഉണ്ണിക്കുന്ന് കുടിവെള്ളപദ്ധതി- പദ്ധതി പ്രവർത്തനക്ഷമമായില്ല**

| | |
|---|---|
| പ്രോജക്ട് നം. | എസ് 0310 /25 |
| അടങ്കൽ | 9,00,000 (CFC) |
| ചെലവ് | 9,00,000 (ബിൽ നം. 369/10-2-25) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ജലക്ഷാമം രൂക്ഷമായ ഉണ്ണിക്കുന്ന് ഭാഗത്ത് കുടിവെള്ള പദ്ധതിയ്ക്കായി ഭൂജല വകുപ്പിൽ നിന്നും ലഭ്യമായ 10,40,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 9,00,000/- രൂപ സിഎഫ്സി ഗ്രാന്റ് വിഹിതം നിക്ഷേപിച്ചിരുന്നു. ബാക്കി തുകയായ 1,40,000/- രൂപ ലൈഫ് മിഷൻ കുടിവെള്ള പ്രോജക്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ബാലൻസ് നിൽക്കുന്ന തുകയായ 5,15,041/- രൂപയിൽ നിന്നും വകയിരുത്തുന്നതിന് 23-7-25ൽ കോട്ടയം ഭൂജല വകുപ്പിന് കത്ത് നൽകിയിരുന്നു. ഭൂജല വകുപ്പുമായി സെക്രട്ടറി കരാറിലേർപ്പെട്ടിരുന്നില്ല. കിണർ, 10HP പമ്പ്, പമ്പ്ഹൗസ്, ത്രീഫേസ് കണക്ഷൻ ലഭ്യമാക്കുക എന്നീ ഇനങ്ങൾ ചെയ്യുന്നതിനാണ് ഭൂജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് നൽകിയിരുന്നത്. വിതരണ പൈപ്പ് ലൈനുകൾ, പമ്പിങ്ങ് മെയിൻ എന്നിവ സ്ഥാപിക്കൽ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്ത് നിർദ്ദേശപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കി 10,40,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/12-1-26) മറുപടിയായി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 9,00,000/- രൂപയുടെ ,ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-25 എംസിഎഫിന് സ്ഥലം വാങ്ങൽ- വാങ്ങിയ സ്ഥലം അതിര് തിരിച്ച് സംരക്ഷിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിന് എംസിഎഫ് നിർമ്മിക്കുന്നതിനായി 55 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. ചിപ്പി ആൻ ചാക്കോ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വെ നം 289/4-1-3 ൽപ്പെട്ട 17 ആർ 80 ച.മീ , 289/5-1 ൽപ്പെട്ട 12 ആർ 80 ച.മീ 30 ആർ 60 ച.മീ സ്ഥലം താലൂക്ക് ഓഫീസിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർ ഒന്നിന് 1,78,894/- രൂപ നിരക്കിൽ 54,50,000/-രൂപ ചെലവഴിച്ച് വാങ്ങിയിരുന്നു. 14-1-26 പ്രസ്തുത സ്ഥലം നേരിൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം അതിര് തിരിച്ച് കല്ല് സ്ഥാപിച്ച് വേർതിരിച്ച് സംരക്ഷിച്ചതായി കാണാൻ സാധിച്ചില്ല. സ്ഥലം പോക്ക് വരവ് നടത്തി കരം ഒടുക്കുകയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ സ്ഥലത്തുനിന്നും പ്രധാന റോഡിലേയ്ക്കുള്ള പ്രവേശനത്തിന് 3 മീറ്റർ മാത്രമേ വഴി സൗകര്യം ലഭ്യമാകുന്നുള്ളൂ. ശുചിത്വ മിഷൻ അംഗീകരിച്ച എംസിഎഫ് രൂപരേഖ പ്രകാരം ഫയർ എഞ്ചിൻ ഉൾപ്പടെയുള്ള വലിയ ലോറികയറി ഇറങ്ങാനുള്ള സ്ഥല വിസ്തൃതി റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗത്തിൽ ലഭ്യമാകുന്നില്ല. വില്ലേജ് ഓഫീസിൽ നിന്ന് ലഭ്യമായ സ്കെച്ച് പ്രകാരം ഒരു വശത്ത് കോട്ടയം നഗരസഭ വക സ്ഥലവും വഴിയുടെ മറുവശത്ത് സ്വകാര്യ വ്യക്തികളുടെ സ്ഥലവുമാണുള്ളത്. ആവശ്യത്തിന് വഴി സൗകര്യം ഉറപ്പുവരുത്തി സ്ഥലം അളന്നുതിരിച്ച് സംരക്ഷണ വേലി നിർമ്മിച്ച് എംസിഎഫ് നിർമ്മാണം ആരംഭിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-26 തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല**

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 68/25 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 3,50,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്റ്റ് പ്രകാരം വിവിധ ഇലക്ട്രിക് സെക്ഷനുകളിൽ ചുവടെ ചേർക്കുന്ന പ്രകാരം തുക നിക്ഷേപിച്ചിരുന്നു.

| | | |
|---|---|---|
| 7-ാം വാർഡിൽ വടവാതൂർ കവല തുരുത്തേൽ റോഡിൽ പോസ്റ്റ് മാറ്റുന്നതിന് | 28,491 (ബിൽ നം. 12/3-9-24) | കെ.എസ്.ഇ.ബി., മണർകാട് |
| 14-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1,54,042 (ബിൽ നം. 11/1-8-24) | കെ.എസ്.ഇ.ബി., മണർകാട് |
| പെരിങ്ങാലൂർ കുന്നത്ത് താഴെ റോഡിൽ നിൽക്കുന്ന പോസ്റ്റ് ഷിഫ്റ്റിംഗ് (3 എണ്ണം) | 29,516 (ബിൽ നം. 12/3-9-24) | കെ.എസ്.ഇ.ബി., കോട്ടയം ഈസ്റ്റ് |
| 10-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 19,657 (ബിൽ നം. 50/21-3-25) | കെ.എസ്.ഇ.ബി., പുതുപ്പള്ളി |

| | | |
|---|---|---|
| 4-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 83,215 (ബിൽ നം. 38/29-1-25) | കെ.എസ്.ഇ.ബി., കോട്ടയം ഈസ്റ്റ് |
| 1-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 33,869 (ബിൽ നം. 36/29-1-25) | കെ.എസ്.ഇ.ബി., മണർകാട് |
| Total | 3,48,790 | |

മേൽ നിക്ഷേപ പ്രവൃത്തികളുടെ കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 1/12-1-26)മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ പ്രസ്തുത പ്രോജക്റ്റിനായി ആകെ ചെലവഴിച്ച 3,48,790/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 നിക്ഷേപപ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ സർക്കാർ ഏജൻസികളിൽ നടത്തിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം / പേര് | നിക്ഷേപിച്ച തുക | ഏജൻസി | പ്രവൃത്തി |
|---|---|---|---|---|
| 1 | 261/25 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും | 46368 (തനത് ഫണ്ട്) വൗച്ചർ നം. 22401296/24-2-25 | കെ.എസ്.ഇ.ബി., മണർകാട് | വാർഡ് 17 ൽ പോസ്റ്റ് ഫിറ്റ് ചെയ്യുന്നതിന് |
| | | 33317 (തനത് ഫണ്ട്) വൗച്ചർ നം. 22401553/30-3-25 | കെ.എസ്.ഇ.ബി., കോട്ടയം ഈസ്റ്റ് | വാർഡ് 14 ൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് |
| 2 | 78/25 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം -കുഴൽക്കിണർ നിർമ്മാണം | 1,80,000 (CFC) ബിൽ നം. 603/29-3-25) | ഭൂജല വകുപ്പ്, കോട്ടയം | 40-ാം നമ്പർ അങ്കണവാടിയിൽ കുഴൽ കിണർ നിർമ്മാണം |
| | ആകെ | 2,59,685 | | |

1. 261/25 നമ്പർ പ്രോജക്റ്റ് പ്രകാരം വാർഡ് 4ൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി 38483/-രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി., കോട്ടയം ഈസ്റ്റിൽ നിന്നും ലഭ്യമായിരുന്നു. കെ.എസ്.ഇ.ബി., കോട്ടയം ഈസ്റ്റിൽ നിൽക്കുന്ന മുൻ അഡ്വാൻസ് തുകയായ 5166/- രൂപ കിഴിച്ച് 33317/- രൂപയാണ് നിക്ഷേപിച്ചത്. 38483/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2. 78/25 നമ്പർ പ്രോജക്റ്റ് പ്രകാരം 2,00,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നുവെങ്കിലും 1,80,000 മാത്രമാണ് നിക്ഷേപിച്ചത്. ബാക്കി തുക 2025-26 വർഷമാണ് നിക്ഷേപിച്ചത്. വിവിധ അങ്കണവാടികളിൽ കുഴൽക്കിണർ നിർമ്മിച്ച് ക്യാപ് ഇടുന്നതിന് മാത്രമാണ് പ്രോജക്റ്റ് ആവിഷ്ക്കരിച്ചത്. മോട്ടോർ സ്ഥാപിക്കാതെ ഈ കുഴൽക്കിണറുകൾ അങ്കണവാടികൾക്ക് പ്രയോജനപ്രദമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കപ്പെട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം 17/13-1-26) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്റ്റുകൾക്കായി തൻവർഷം ആകെ ചെലവഴിച്ച 2,59,685/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പൊതുശ്മശാനം - കുഴൽക്കിണർ നിർമ്മാണം- ജലലഭ്യതയില്ല- ബാലൻസ് തുക തിരികെ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം./പേര് | 126/25 പൊതുശ്മശാനം - കുഴൽക്കിണർ നിർമ്മാണം |
| അടങ്കൽ | 2,50,000(CFC) |
| ചെലവ് | 2,50,000/- (CFC) (ബിൽ നം. 368/10-2-25) |

ഗ്രാമപഞ്ചായത്ത് നിർമ്മിക്കുന്ന ഗ്യാസ് ക്രിമറ്റോറിയത്തിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനായി കോട്ടയം ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റായിരുന്നു ഇത്. തുക നിക്ഷേപിക്കുന്നതിന് മുൻപ് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സർവ്വെ റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കിയിരുന്നില്ല. ഭൂജല വകുപ്പുമായി സെക്രട്ടറി കരാറിലേർപ്പെട്ടിരുന്നില്ല. 10-6-25ലെ ഭൂജല വകുപ്പിന്റെ കത്ത് പ്രകാരം 2,51,935/- രൂപ (1935/- രൂപ തനത് ഫണ്ടിൽ നിന്നും) അടച്ചതിൽ 48735/- ചെലവഴിച്ചിരുന്നുവെന്നും 2,03,200/- ബാലൻസ് തുക നിൽക്കുന്നതായും അറിയിച്ചിട്ടുണ്ട്. 23-7-25 ലെ ഗ്രാമപഞ്ചായത്തിന്റെ കത്ത് പ്രകാരം കുഴൽക്കിണർ കുഴിച്ചതിൽ ജലലഭ്യതയില്ലാത്തതിനാൽ സമീപ പ്രദേശത്ത് കുഴൽക്കിണർ നിർമ്മിക്കാൻ ആവശ്യപ്പെട്ട് കത്ത്

നൽകിയതായി കാണുന്നു. നിർദ്ദേശിച്ച രീതിയിൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/12-1-26) മറുപടി ലഭ്യമാക്കിയില്ല. കുഴൽക്കിണർ നിർമ്മാണം നടത്തുന്നതുവരെ ബാലൻസ് തുകയായ 2,03,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സമീപ പ്രദേശത്ത് ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച രീതിയിൽ കുഴൽക്കിണർ നിർമ്മാണം നടത്താത്തപക്ഷം തുക ഭൂജല വകുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**1-29 വിവിധ കമ്മിറ്റി തീരുമാനങ്ങൾ -സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കപ്പെട്ടില്ല**

ഗ്രാമപഞ്ചായത്ത് 2024-25വർഷം വിവിധ ജനറൽ കമ്മറ്റിയോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല.

| തീരുമാനം നം. | തീരുമാനം | ലഭ്യമാക്കേണ്ട വിവരം |
|---|---|---|
| 12-6-24 തീയതി-യിലെ 4/1 | ലൈഫ് മിഷന്റെ ഭാഗമായി വിജയപുരം ഗ്രാമപഞ്ചായത്ത് വാർഡ് 17 ൽ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്കു കൈമാറിയ ഫ്ലാറ്റ് സമുച്ചയത്തിലെ 3 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾ നാളിതു വരെ ഉപയോഗിക്കാതെ ഒഴിഞ്ഞു കിടക്കുന്നത് പരിഗണിച്ച് കമ്മറ്റി ടി ഫ്ലാറ്റുകൾ ഗുണഭോക്തൃ ലിസ്റ്റിലെ അർഹരായ മറ്റുള്ളവർക്ക് അനുവദിക്കുന്നതിനായി ലൈഫ് മിഷനു കത്തു നൽകുന്നതിന് തീരുമാനിച്ചു | ഒഴിഞ്ഞ് കിടന്ന 3 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിവരം |
| 29-6-24 തീയതി-യിലെ 8/1 | ഓഫീസിലെ പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ 14-03-2024 തീയതിയിൽ പുനർ ലേലം നടത്തിയത് അംഗീകരിച്ച് ഉയർന്ന നിരക്കിൽ ലേലം കൊണ്ട വിവേക് വി, തെക്കേപ്പറമ്പിൽ , മാലം പി ഒ എന്നയാളുടെ 3300 /- രൂപയുടെ ലേലം അംഗീകരിച്ചു തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു | ലേല ഫയൽ, തുക ലഭിച്ചതിന്റെ വിവരം |
| 28-1-25 തീയതി-യിലെ 20/1 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 05 AA 5056 എന്ന ഇരുചക്ര വാഹനം ഉപയോഗശൂന്യമായി പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ കിടക്കുന്നത് സർക്കാർ വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി ലേലം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനും തീരുമാനിച്ചു | വാഹനം കണ്ടം ചെയ്യാൻ സ്വീകരിച്ച നടപടികൾ |

കമ്മിറ്റി തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം16/13-1-26) മറുപടി ലഭ്യമാക്കിയില്ല. കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുക എന്നത് സെക്രട്ടറിയുടെ നിയമപരമായ ബാധ്യതയാണ്. പ്രസ്തുത കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-30-1 നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പെറ്റി വർക്കിന് തുക നൽകി**

ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ തുരുത്തേൽകവല, പാലത്തറ ഭാഗത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആ ഭാഗത്ത് കൂടിയുള്ള ചെട്ടിത്തോട് – തെളിക്കുന്ന് പെറ്റി വർക്ക് നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെയും പ്രവൃത്തിയുടെ തുക തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് സെക്രട്ടറിയെയും പഞ്ചായത്ത് കമ്മിറ്റിയുടെ 22.02.2025 ലെ 1/10-ാം നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നം 22401438/18.03.2025 മുഖേന ഈയിനത്തിൽ 12000/- രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അടിയന്തിര ഘട്ടങ്ങളിൽ 10,000/- രൂപ വരെയുള്ള വർക്കുകൾ തനത് ഫണ്ട് ഉപയോഗിച്ച് ഡിപിസിയുടെ മുൻകൂർ അനുമതിയില്ലാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയോടു കൂടി ചെയ്യാവുന്നതാണെന്നും പിന്നീട് ഡിപിസിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും 39957/ഡിബി/2009/തസ്വഭവ തീയതി 08.08.2009 നമ്പർ സർക്കാർ കത്തിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ 10000/- രൂപക്ക് മുകളിലുള്ള റിപ്പയർ വർക്കുകളുടെ തുക തനത് ഫണ്ടിൽ നിന്ന് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/15.01.2026) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ പെറ്റി വർക്കുകൾ ഏറ്റെടുക്കുമ്പോൾ കൃത്യമായ നടപടി ക്രമങ്ങൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 പെറ്റി വർക്കുകൾ - മസ്റ്റർ റോളുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2024-25 കാലയളവിൽ നടത്തിയ താഴെ പറയുന്ന പെറ്റി വർക്കുകളുമായി ബന്ധപ്പെട്ട മസ്റ്റർ റോളുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പെറ്റി വർക്ക് | വൗച്ചർ നം/ തീയതി | തുക |
|---|---|---|---|
| 1 | ആനത്താനം കുന്നുംപുറം റോഡ് പുനരുദ്ധാരണം | 22400499/ 03.09.2024 | 9922 |
| 2 | 10-ാം വാർഡിൽ മലയിൽത്താഴെ റോഡിൽ കൈവരി സ്ഥാപിക്കൽ | 22400663/ 01.10.2024 | 9930 |
| 3 | ഞാറയ്ക്കൽ പള്ളിക്കുന്ന് റോഡ് പുനരുദ്ധാരണം | 22400708/ 09.10.2024 | 9840 |
| 4 | വാർഡ് 14 എൽ പി എസ് ലൈൻ റോഡ് പുനരുദ്ധാരണം | 22400734/ 15.10.2024 | 9534 |

പരാമർശിത പ്രവൃത്തികളുമായി ബന്ധപ്പെട്ട മസ്റ്റർറോളുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/15.01.2026) മറുപടി ലഭ്യമാക്കിയില്ല. വാല്യുവേഷൻ, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമാണ്. പദ്ധതികൾ പൂർത്തീകരിച്ചതിനും ചെലവ് തുകയെ സാധൂകരിക്കുന്നതിനും ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ആംബുലൻസ് പ്രവർത്തനത്തിലെ അപാകതകൾ

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കുൾപ്പെടെ നിലവിലുള്ള ചെറിയ ഒമ്നി ആംബുലൻസായിരുന്നു ഉപയോഗിച്ചുവന്നിരുന്നത്. തനത് ഫണ്ടിൽ നിന്നും തുക മുടക്കി മറ്റൊരു ആംബുലൻസ് വാങ്ങാൻ അനുവാദം തേടി ഗ്രാമപഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയെ സമീപിക്കുകയും കോ-ഓർഡിനേഷൻ കമ്മിറ്റി 09.01.2023 ലെ 4.7 നമ്പർ തീരുമാനപ്രകാരം ആംബുലൻസിന്റെ ആവർത്തനച്ചെലവുകൾ എച്ച് എം സി നിർവ്വഹിക്കണം എന്ന നിർദ്ദേശത്തോടെ തനത് ഫണ്ടിൽ നിന്നും 1000000/- രൂപ മുടക്കി മറ്റൊരു ആംബുലൻസ് വാങ്ങാൻ അനുവാദം നൽകി. 16.12.23 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(2) നമ്പർ തീരുമാനപ്രകാരം 13 ലക്ഷം രൂപ തനത് ഫണ്ടും ബാക്കി വരുന്ന തുക ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ഫണ്ടും വിനിയോഗിച്ച് 1706312/- രൂപ വില വരുന്ന റ്റാറ്റാ മോട്ടോഴ്സ് ഡീസൽ ആംബുലൻസ് വാങ്ങാൻ 2023-24 വർഷം തീരുമാനിക്കുകയും ജെമ്മിൽ നിന്നും പർച്ചേസ് ചെയ്യുകയും ചെയ്തു. 2024-25 വർഷം വൗച്ചർ നം. 22401280/22.02.2025 പ്രകാരം 16384/- രൂപ തനത് ഫണ്ട് ചെലവഴിച്ച് ഇൻഷുറൻസ് പുതുക്കിയിട്ടുണ്ട്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മെഡിക്കൽ ഓഫീസർ ഉൾപ്പെട്ട 08.02.2024 ലെ എച്ച് എം സി യോഗം ആംബുലൻസിന്റെ നടത്തിപ്പ് ചുമതല എച്ച് എം സിയിൽ നിക്ഷിപ്തമാണ് എന്ന തീരുമാനമെടുത്തിട്ടുണ്ടെങ്കിലും മെഡിക്കൽ ഓഫീസർക്ക് (എഫ്.എച്ച്.സി പാറമ്പുഴ) ആംബുലൻസ് കൈമാറിയിട്ടില്ല. എച്ച്. എം. സി. യോഗത്തിൽ സന്നിഹിതയായിരിക്കുകയും വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരിക്കുകയും ചെയ്ത മെഡിക്കൽ ഓഫീസർ ആംബുലൻസിന്റെ കസ്റ്റഡി ഏറ്റെടുക്കാൻ വിസമ്മതം അറിയിച്ചിട്ടുണ്ട്.

2) ആംബുലൻസിന്റെ ആവർത്തനച്ചെലവുകൾ എച്ച് എം സി നിർവ്വഹിക്കണം എന്ന നിർദ്ദേശത്തോടെ മാത്രം ആംബുലൻസ് വാങ്ങാൻ അനുമതി ലഭ്യമായിരുന്ന സാഹചര്യത്തിൽ ആവർത്തന ചെലവുകൾ എച്ച് എം സി ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നു. എന്നാൽ നിലവിലും ഡീസൽ ചാർജ് ഇൻഷുറൻസ് ഉൾപ്പെടെയുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നാണ് നടത്തുന്നത്.

3) ഫെഡറൽ ബാങ്കിൽ നിന്നും സിഎസ് ആർ തുക ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) 10 ലക്ഷം രൂപ അടങ്കലായുള്ള പർച്ചേസിനാണ് കോ-ഓർഡിനേഷൻ കമ്മറ്റി അംഗീകാരം നൽകിയത്. എന്നാൽ തനത് ഫണ്ടിൽ നിന്നും 13 ലക്ഷം ചെലവഴിച്ച് ആംബുലൻസ് വാങ്ങാൻ പ്രത്യേക അനുമതി ലഭ്യമായിരുന്നോയെന്നത് വിശദീകരിച്ചിട്ടില്ല.

5) പാലിയേറ്റീവ് കെയറിന് നിലവിലും പഴയ ഒമ്നി ആംബുലൻസ് തന്നെയാണ് ഉപയോഗിക്കുന്നത്. ഉപയോഗം സംബന്ധിച്ച് കൃത്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്തിയാണോ അഡീഷണലായി ആംബുലൻസ് വാങ്ങിയത് എന്നത് വിശദീകരിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/15.01.2026) മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതിയുടേയും എച്ച് എം സി യുടേയും തീരുമാനം, ബൈലോ എന്നിവ പ്രകാരവുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് അപാകതകൾ പരിഹരിച്ച് ആംബുലൻസ് തുടർപരിപാലനം, ആംബുലൻസിന്റെ കസ്റ്റഡി, ഡ്രൈവറുടെ വേതനം, ലോഗ് ബുക്കിന്റെ സൂക്ഷിപ്പ് , കളക്ഷൻ തുകയുടെ അടവ് എന്നിവയിൽ അടിയന്തിരമായി തീരുമാനം കൈകൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

6. ആംബുലൻസ് വാടക പിരിവിലും പണം ഒടുക്കലിലും ഗുരുതര വീഴ്ച

ഗ്രാമപഞ്ചായത്തിലെ അംഗീകരിച്ച ബൈലോ പ്രകാരം ആംബുലൻസ് വാടകയിനത്തിൽ ഈടാക്കേണ്ട ചാർജ് ചുവടെ ചേർക്കും പ്രകാരമാണ്.
മിനിമം ചാർജ് – 600/- (7 കി. മീ. വരെ)
7 കി. മീ. നു മുകളിൽ ഓരോ കി. മീ നും 30/- രൂപ
ശവസംസ്ക്കാര ചടങ്ങുകൾക്ക് – 1500/- രൂപ
എന്നാൽ രസീതു ബുക്ക്, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1) ബൈലോയിൽ നിഷ്ക്കർഷിച്ചിരിക്കുന്ന നിരക്കിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ വാടക ഈടാക്കിയിരിക്കുന്നു.

| രസീത് നം | സഞ്ചരിച്ച ദൂരം/ ആവശ്യം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവു വന്ന തുക |
|---|---|---|---|---|
| 01/6.5.24 | ശവസംസ്ക്കാര ചടങ്ങ് | 1000/- | 1500/- | 500/- |
| 03/15.06.2024 | 25 കി. മീ. | 1000/- | 1140/- | 140/- |
| 04/15.06.2024 | ശവസംസ്ക്കാര ചടങ്ങ് | 1250 | 1500/- | 250/- |
| 10/26.06.2024 | 32 കി. മീ. | 1000/- | 1350/- | 350/- |
| 17/22.08.2024 | ശവസംസ്ക്കാര ചടങ്ങ് | 1250 | 1500/- | 250/- |
| 22/22.9.2024 | 30 കി. മീ. | 1000 | 1290/- | 290/- |
| 26/19.11.2024 | 700 കി. മീ. | 7000 | 21390/- | 14390/- |
| 28/15.1.25 | 240 കി. മീ. | 4000 | 7590/- | 3590/- |
| 08/2.6.2024 | 35 കി. മീ. | 750 | 1440/- | 690/- |
| ആകെ | | | | 20450/- |

2) 30.09.2024 മുതൽ 13.07.2025 വരെയുള്ള തീയതികളിലെ 23 മുതൽ 49 വരെയുള്ള രസീതു പ്രകാരം പിരിച്ച തുകയായ 36,950/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.
3) രസീതു ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ ഇഷ്യു ചെയ്തു.
പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/15-01-2026) മറുപടി ലഭ്യമാക്കിയില്ല. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 18, 19, 23, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 5, 6, 7 എന്നിവ പാലിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 83 പ്രകാരം രസീതു ബുക്കുകൾ ലഭിച്ച ഉടൻതന്നെ എണ്ണുകയും നമ്പറിടുകയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ആംബുലൻസ് വാടക പിരിച്ചതിൽ മേൽ ചട്ടങ്ങൾ ഒന്നും പാലിച്ചില്ലെന്നു മാത്രമല്ല വാടക പഞ്ചായത്തു ഫണ്ടിൽ അടവാക്കാതെ പഞ്ചായത്തിനു നഷ്ടമുണ്ടാക്കുകയും ചെയ്തു. വാടകയിനത്തിൽ കുറവു വന്ന 20450/- രൂപയും പഞ്ചായത്തിൽ ഒടുക്കുവാനുള്ള 36,950/- രൂപയും ഉൾപ്പെടെ ആകെ 57,400/- രൂപ ആംബുലൻസ് ഡ്രൈവറായ ശ്രീ. സുനിൽ കുമാറിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. രസീത് പ്രകാരം പിരിക്കുന്ന തുക അതത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.

**1-32 കുടിവെള്ള വിതരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെട്ടതിനെ തുടർന്ന് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/ തീയതി | ചെക്ക് നം/ തീയതി | കുടിവെള്ളം വിതരണം ചെയ്ത സ്ഥലം | ചെലവ-ഴിച്ച തുക |
|---|---|---|---|---|
| 1 | 22400087/ 20.03.2024 | 063761/ 09.04.2024 | വിജയപുരം ഗ്രാമപഞ്ചായത്ത് വാർഡ് 13 മാധവൻ കോളനി ഭാഗം – കുടിവെള്ള വിതരണം (26.02.24 മുതൽ 17.03.24 വരെ) | 33950/- |
| 2 | 22400589/ 09.09.2024 | 714219/ 20.07.2024 | വിജയപുരം ഗ്രാമപഞ്ചായത്ത് വാർഡ് 13 മാധവൻ കോളനി ഭാഗം – കുടിവെള്ള വിതരണം (19.03.24 മുതൽ 17.04.24 വരെ) | 31525/- |

സർക്കാർ ഉത്തരവ് (സാധാ) നം. 405/2024/LSGD തീയതി 19.02.2024 ൽ കുടിവെള്ള വിതരണത്തിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
1. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.
2. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കറുകളിൽ ജിപിഎസ് ഘടിപ്പിക്കേണ്ടതാണ്.
3. കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിനു മുമ്പ് ജിപിഎസ് ലോഗും വാഹനത്തിന്റെ ലോഗും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ക്രോസ് ചെക്ക് ചെയ്യേണ്ടതാണ്.
രേഖകൾ പരിശോധിച്ചതിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ ട്രിപ്പ് ഷീറ്റുകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. മേൽ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനക്ക്

ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന വിഷയമായതിനാൽ തുടർവർഷങ്ങളിൽ ഇത്തരം കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-33 ഇന്റർലോക്ക് പേവർ ബ്ലോക്ക് പാകൽ-മോർഡിലെ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കാതിരുന്നതിനാൽ അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നം./പേര് | 208/25- പണ്ടാരമാലിയിൽ - മുരുങ്ങാത്ത് റോഡ് ഇന്റർലോക്ക് വാർഡ്- 2 |
| കരാറുകാരന്റെ പേര് | രാഹുൽ നാരായണൻ |
| അടങ്കൽ | 417000/- |
| കരാർ നം | 78/AE/LSGD/VIJ/2023-24 DATED 23-02-2024 |
| അകെ ചെലവഴിച്ച തുക | 358313/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ബിൽ വിശദാംശങ്ങൾ | വൗച്ചർ നം- 22401547/29.03.25- 358313/- രൂപ |

മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇനം 2 പ്രകാരം 80 Mm Thick Factory Made Cement Concrete Interlocking Paver Block ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഇതേ പ്രവൃത്തിക്ക് MORD Data 6.7.1 പ്രകാരം അംഗീകരിക്കപ്പെട്ട നിരക്കുള്ളതാണ്. ഇതുപ്രകാരം പ്രസ്തുത ഇനത്തിന് ബാധകമായ നിരക്ക് ₹1031.61/M2 (Unit Total624.87* OH-10%* Cp-10* കോസ്റ്റ് ഇൻഡക്സ്- 36.44) ആണ്. MORD Data പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി പ്രവൃത്തി നടത്തിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായതിന്റെ വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ഇന്റർ ലോക്ക് ചെയ്ത അളവ് (Item 2) | ഒബ്സർവ്ഡ് ഡേറ്റ പ്രകാരം അനുവദിച്ച നിരക്ക് | MORD Data 6.7.1 പ്രകാരം അനുവദി-ക്കാവുന്ന നിരക്ക് | അധികം നൽകിയ തുക (നികുതി ഉൾപ്പെടു-ത്താതെ) |
|---|---|---|---|---|
| 208/25- പണ്ടാരമാലിയിൽ - മുരുങ്ങാത്ത് റോഡ് ഇന്റർലോക്ക് വാർഡ്- 2 | 218.218 ച. മീ. | 1041.59/ച. മീ. (1073.81 - Estimate Rate & 3% Tender Below = 1073.81 * 97% = 1041.59) OD 88395/23-24 | 1031.61/M2 | (1041.59 – 1031.61) X 218.218 = 2178/- രൂപ |

അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/15.01.26) മറുപടി ലഭ്യമാക്കിയില്ല. റോഡ് ഇന്റർലോക്ക് പാകൽ പ്രവൃത്തികൾക്ക് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ ഡി.എസ്.ആറിന് പകരം മോർഡിൽ (MORD) ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

കൂടാതെ സംസ്ഥാനത്ത് പ്രീകാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള റോഡ്, യാർഡ്, ഫുട്പാത്ത് പ്രവൃത്തികൾക്ക് 5 വർഷത്തിൽ കുറയാത്ത ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് (DLP) ഉണ്ടായിരിക്കേണ്ടതാണെന്ന് Finance (Inspection Wing -Technical) Department-ന്റെ 06.04.2022-ലെ 31/2022/ Fin നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് 5 വർഷ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് ഉറപ്പുവരുത്തേണ്ടതാണ്.

## 1-34 ജി.ഐ റൂഫ് ഷീറ്റ്- ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത മൂലം അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നം./ പേര് | 123/25- പള്ളിക്കുന്ന് അങ്കണവാടി മെയിന്റനൻസ് |
| കരാറുകാരന്റെ പേര് | ജീന ബിനു |
| അടങ്കൽ | 500000/- |
| കരാർ നം | 13/AE/LSGD/VIJ/2024-25 DATED 03-02-2025 |
| അകെ ചെലവഴിച്ച തുക | 500000/- (റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിശദാംശങ്ങൾ | എ.സി.ആർ ബിൽ നം- 549/22.03.2025- രൂപ 500000/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ ഭാഗമായി 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റുപയോഗിച്ച് 37.20 ച. മീ. ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 644.42/$M^2$ എന്ന നിരക്കിൽ 26151.60/- രൂപ നൽകിയിട്ടുണ്ട്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഗ്രാമപ്പഞ്ചായത്തിൽ നൽകി വരുന്നത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളു. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്. ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളു. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം (സ്പെസിഫിക്കേഷൻ കോഡ്- 12.50) പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.
അനുവദനീയമായ നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 310.00 | 72431.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 120.00 | 5712.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts, Nuts, Washers | LS | 8.0600 | 2 | 16.12 |
| 9977 | Carriage Of Sheets | LS | 104.00 | 2 | 208 |
| 9999 | Sundreis Labour | LS | 39.5200 | 2 | 79.04 |
| 0130 | Mistry | Day | 2.34 | 738.00 | 1726.92 |
| 0112 | Carpenter 2nd Class | Day | 9.34 | 679.00 | 6341.86 |
| 0114 | Beldar | Day | 9.34 | 558.00 | 5211.72 |
| Total | | | | | 92035.46 |
| Cost For 216.14sqm | | | | | 425.81 |
| Cost For 1 Metre | | | | | 425.81 |
| Add Water Charge 1% | | | | | 4.26 |
| Total | | | | | 430 |
| Add CPOH 15% | | | | | 64.5 |
| Total | | | | | 494.5 |
| Cost Index (36.44%)* 184.5 (494.5-310) | | | | | 67.2 |
| Total | | | | | 561.7 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം 37.20ച. മീ. ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് ചതുരശ്ര മീറ്ററിന് 82.72/- (644.42 – 561.70) രൂപ നിരക്കിൽ ഗ്രാമപ്പഞ്ചായത്തിന് 3077/- (37.20 @ 82.72) രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/15.01.26) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**<u>1-35 പൂർത്തീകരണം താമസിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല.</u>**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. 2012 ലെ പി.ഡബ്ല്യു.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല. എന്നാൽ ജി. ഒ. (എം. എസ്) 21/2024/PWD തീയതി 02.04.2024 പ്രകാരവും 2012-ലെ പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരവും, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | 178/25- മൂലക്കാട്ട്- ഗാന്ധി നഗർ റോഡ് സംരക്ഷണ ഭിത്തി | 154/24-25- ഗവ യു.പി സ്കൂൾ നട്ടാശ്ശേരി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ |
| ചെലവ് | 163828 (സംരക്ഷണ ഗ്രാന്റ്- റോഡ്) | 298247 (സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| പൂർത്തീകരണ കാലയളവ്, | 6 മാസം | 6 മാസം |

| | | |
|---|---|---|
| കരാർ നം./ തീയതി | 18/AE/LSGD/VIJ/2023-24 DATED 28-10-2023 | 3/AE/LSGD/VIJ/2023-24 DATED 25-09-2023 |
| സൈറ്റ് കൈമാറിയ തീയതി | 28/10/2023 | 05.10.2023 |
| പ്രവൃത്തി പൂർത്തിയാക്കേ-ണ്ടിയിരുന്നത് | 27/04/2024 | 04.04.2024 |
| പ്രവൃത്തി പൂർത്തിയാക്കിയത് | 05/01/2025 | 06.02.2025 |
| കരാറുകാരൻ | സുനിൽ കെ. എം. | ഷിബു എബ്രഹാം |
| പിഴ ഈടാക്കേണ്ട കാലയളവ് | 253 ദിവസം (36 ആഴ്ച) | 308 ദിവസം (44 ആഴ്ച) |
| പി.എ.സി | 154712 രൂപ | 278809 രൂപ |
| ചെലവ് വിവരങ്ങൾ | എ.സി.ആർ ബിൽ നം- 51/08.07.24- 274312/- രൂപ<br>എ.സി.ആർ ബിൽ നം- 494/18.03.25- 23935/- രൂപ | എ.സി.ആർ ബിൽ നം- 340/27.01.25- 163828 രൂപ |
| ഈടാക്കേ-ണ്ടിയിരുന്ന ഫൈൻ | 5,770/- (154715 @ 3.6%) | 12,268/- (278809 @4.4%) |

പരാമർശിത പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/15.01.26) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനിൽ നിന്ന് നിയമാനുസൃത ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-36 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 3,18,578/- രൂപ അവശേഷിക്കുന്നു**

വിജയപുരം ഗ്രാമ പഞ്ചായത്തിലെ LID & EW അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്. ബി. ഐ വടവാതൂർ ബ്രാഞ്ചിൽ കറന്റ് അക്കൗണ്ട് ഉള്ളതായി കാണുന്നു (അക്കൗണ്ട് നം. 37744002293). ഈ അക്കൗണ്ടിൽ 02.12.2025 ൽ 3,18,578/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏത് ഇനത്തിലുള്ളതാണെന്ന് പരിശോധിക്കേണ്ടതും ടെണ്ടർ ഫീസിനത്തിൽ ലഭ്യമായതാണെങ്കിൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-37 കുടുംബശ്രീക്കു റിവോൾവിംഗ് ഫണ്ട് പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം./പേര് | S0101/25 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ,ഫണ്ടിനം | വികസന ഫണ്ട്- 235186/-<br>തനത് ഫണ്ട്- 4814/- |
| ചെലവഴിച്ച തുക | 235186/- (വികസന ഫണ്ട്) |
| ബിൽ നം.തീയതി | 716/21.3.25 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വിജയപുരം ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് കമ്മിറ്റിയിലുള്ള വിവിധ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ളതാണ് ടി പ്രോജക്ട്. ഗ്രാമപഞ്ചായത്തിന്റെ 28.1.2025ലെ ജനറൽ കമ്മിറ്റിയുടെ 6(1)-ാം നമ്പർ തീരുമാനം സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്നതിനും അർഹരായ കുടുംബശ്രീ ഗ്രൂപ്പുകളെ കണ്ടെത്തി സി.ഡി.എസ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു ഗ്രൂപ്പിന് പരമാവധി 10,000/- രൂപ വീതം വിതരണം ചെയ്യുന്നതിനും നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു. വികസനഫണ്ടിൽ നിന്നും പിൻവലിച്ച 2,35,186/- രൂപ സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് 25/03/2025 ൽ നിക്ഷേപിച്ചിരുന്നു. ടി തുകയിൽ നിന്നും 50,000/- രൂപ ധാത്രി കുടുംബശ്രീ യൂണിറ്റിലെ സരൂബ ടെയിലറിംഗ് യൂണിറ്റിന് 28/06/2025ലും, 30/08/2025ൽ നിയ ടെക്സ്റ്റൈയിൽസിന് 1,50,000/- രൂപയും നൽകിയിട്ടുണ്ട്. 35186/- രൂപ ചെലവഴിയ്ക്കപ്പെടാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഒരു ഗ്രൂപ്പിന് പരമാവധി 10,000 രൂപ വീതം വിതരണം ചെയ്യുന്നതിനും നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും വ്യക്തികൾക്കാണ് 50,000/- രൂപയും, 1,50,000/- രൂപയും നൽകിയിട്ടുള്ളത്. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തുക കൈമാറാതിരുന്നതിനും, വികസന ഫണ്ട് വിഹിതം ചെലവഴിയ്ക്കാതെ സി.ഡി.എസ്. അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.8/13.8.26) കുടുംബശ്രീ സി.ഡി.എസിന് ലഭ്യമായ തുക കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 10,000/- രൂപ വീതം നൽകുന്നതിനായി എ.ഡി.എസ്സുകളിൽ നിന്ന് ലിസ്റ്റ് ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാകാത്ത സാഹചര്യത്തിൽ 9/04/2025ൽ സി.ഡി.എസ്സ് കമ്മിറ്റിയിൽ ടി തുക സി.ഇ.എഫ് മാനദണ്ഡങ്ങൾ പാലിച്ച് സംരംഭം നടത്തുന്ന വ്യക്തികൾക്ക് വ്യക്തിഗത സംരംഭം നടത്തുന്നതിന് 50,000/- രൂപ വരെയും, ഗ്രൂപ്പ് സംരംഭങ്ങൾക്ക് 1,50,000/- രൂപ നൽകുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക

ചെലവഴിച്ചതെന്ന് മറുപടിയിൽ വ്യക്തമാക്കി. പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്നും വിരുദ്ധമായി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അതിനാൽ ചെലവഴിച്ച 2 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവഴിയ്ക്കാതെ അവശേഷിക്കുന്ന 35,186/- രൂപ സി.ഡി.എസിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

**1-38 ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണം എന്ന പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അമ്മിണി ജോർജ് പുളിഞ്ചോട്ടിൽ വടവാതൂർ പി.ഒ, വാർഡ് 5 | 40,000 | 11/10/23 |
| 2 | ദീപ പി എസ് ഇടാട്ട്,പാറമ്പുഴ പി ഒ വാർഡ് 1 | 40,000 | 17/3/25 |
| 3 | ശാന്ത ആഞ്ഞിലിമൂട്ടിൽ പാറമ്പുഴ വാർഡ് 19 | 40,000 | 17/3/25 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.29/15.1.26) നൽകിയിരുന്നു. പ്രസ്തുത ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ക്രമനം.1 ഗുണഭോക്താവ് ഭവനനിർമ്മാണം ഇതുവരെ തുടങ്ങിയിട്ടില്ലെന്നും, ക്രമനം.2 ഗുണഭോക്താവിന്റെ സ്ഥലത്ത് വെള്ളം കയറുന്നതിനാൽ വീടിന്റെ പണി തടസ്സപ്പെട്ടിരുന്നുവെന്നും പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്ത പക്ഷം, നൽകിയ സബ്സിഡി തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച 80000/-രൂപ (2@40000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-39-1 വീട് വാസയോഗ്യമാക്കൽ (ജനറൽ) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ജനറൽ വിഭാഗം ഗുണഭോക്താക്കൾക്കായിട്ടുള്ള വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്കായി അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. ഒരു ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയ്ക്ക് 50,000/-രൂപയാണ് സബ്സിഡി ആയി അനുവദിക്കുന്നത്.

| പ്രോജക്ടിന്റെ പേര്,നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ(ജനറൽ S0018/25 | പി എസ് ജിജോ ഈനാടത്തിൽ വടവാതൂർ പിഒ വാർഡ് 5 | 25000 | 12/12/2024 |

മേൽ പരാമർശിച്ച ഗുണഭോക്താവ് ഭവനപുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കാത്ത പക്ഷം അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.29/15.1.26) നൽകിയതിന് ടി ഗുണഭോക്താവ് വീടിന്റെ മെയിന്റനൻസ് പണികൾ 2025-26 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ളതായി അറിയിച്ചു. ടി ഗുണഭോക്താവ് മെയിന്റനൻസ് പണികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ടി പ്രോജക്ടിനായി ചെലവഴിച്ച 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-39 വീട് വാസയോഗ്യമാക്കൽ -സബ്സിഡിമാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നില്ല**

ജി.ഒ.(എം.എസ്)നം.115/2022/ത.സ്വ.ഭ.വ തീയതി 28.5.22 പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 1,00,000/- രൂപയും, പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 1,50,000/-രൂപയും സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ ജനറൽ

വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 50,000/- രൂപയും, പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 100,000/-രൂപയുമാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. തൻവർഷം ജനറൽ വിഭാഗത്തിലെ 62 ഗുണഭോക്താക്കൾക്കായി 30,25,000/- രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട് (പ്രോജക്ട് നം. S0018/25). തൻവർഷം ജനറൽ വിഭാഗത്തിലെ 59 ഗുണഭോക്താക്കൾക്ക് 50,000/-രൂപ വീതവും 3 പേർക്ക് 25000/- രൂപ അഡ്വാൻസായിട്ടുമാണ് തുക നൽകിയിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിലെ 19 ഗുണഭോക്താക്കൾക്കായി 18,50,000/- രൂപയും സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട് (പ്രോജക്ട് നം.S0020/25). കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ കേവലം 50,000-100,000/-രൂപ ഉപയോഗിച്ച് വീട് വാസയോഗ്യമാക്കുക എന്ന പ്രവൃത്തി എത്രത്തോളം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നത് വ്യക്തമല്ല. വീട് മെയിന്റനൻസ് പ്രോജക്ടിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് 8 വർഷത്തിന് ശേഷമേ പിന്നീട് ആനുകൂല്യം ലഭിക്കുകയുള്ളൂ. അതിനാൽ സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദനീയമായ പരമാവധി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 ഗവ. ഹോമിയോ ഡിസ്പെൻസറി -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 52/25 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം./തീയതി | 551/ 05.02.2025 |

ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭ്യമാക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിനു (ഹോംകോ) 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 189343/- രൂപയുടെ മരുന്നു മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം.03/12.01.2026) മരുന്നു ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നു മറുപടി ലഭ്യമാക്കി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിൽ എടുത്തു രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ 10657/- (200000-189343) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ കൊടുക്കുന്നു.**

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

### ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ .

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം**

വിജയപുരം ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 1, ഉപകേന്ദ്രങ്ങൾ-1, ഹോമിയോപ്പതി - 1, ആയുർവേദം – 1 എന്നിങ്ങനെ 4 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. എന്നാൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. .

2022-23 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും (2021-22 വർഷം മുതൽ 2023-24 വർഷം വരെ അനുവദിച്ച തുകകളും ബാങ്ക് പലിശയും ഉൾപ്പെടെ) ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| തുക അനുവദിച്ച വർഷം | തുക ലഭ്യമായ വർഷം | ഇനം | മുന്നിരിപ്പ് | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക | ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 2022-23 | സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0 | 206447 | 206447 | 0 | 100 |
| 2021-22 | 2022-23 | സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 0 | 0 | 0 | 0 | 0 |
| 2021-22 | 2022-23 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 0 | 110000 | 110000 | 0 | 100 |
| 2022-23 | 2023-24 | സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0 | 1031361 | 203831 | 827530 | 20 |
| 2022-23 | 2023-24 | സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 0 | 2805500 | 0 | 2805500 | 0 |
| 2022-23 | 2023-24 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് | 0 | 426726 | 420000 | 6726 | 98 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്രവർത്തനങ്ങൾ നടപ്പാക്കൽ | | | | | |
| 2023-24 | 2024-25 | സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 827530 | 451327 | 579169 | 699688 | 46 |
| 2023-24 | 2024-25 | സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 2805500 | 95097 | 0 | 2900597 | 0 |
| 2023-24 | 2024-25 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 6726 | 670036 | 0 | 670036 | 0 |

**ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ.**

കാനറ ബാങ്കിന്റെ വടവാതൂർ ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110045870552 |
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110045873242 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110045865758 |

**ഗ്രാന്റുപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ.**

വിജയപുരം ഗ്രാമപഞ്ചായത്തിന് സ്കീം 1 ൽ നാളിതുവരെ 2805500/- രൂപ ലഭ്യമായിട്ടുണ്ട് എന്നാൽ 2024-25 സാമ്പത്തിക വർഷം വരെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. ചെലവാകാതെ അവശേഷിക്കുന്ന തുകകൾ 2025-26 വർഷത്തെ പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്.

സ്കീം 3 പ്രകാരം ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വിജയപുരം ഗ്രാമപഞ്ചായത്തിൽ 4 ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ആരോഗ്യ വർദ്ധക സേവനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, വാർഷിക ആരോഗ്യ പരിശോധനകൾ എന്നിവ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.

ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.
ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-42 ജലജീവൻ മിഷൻ പദ്ധതി -അവലോകനം

100% ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

വിജയപുരം ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ മെയിൻ ടാങ്കുകൾ സ്ഥാപിക്കുന്നതിന് 2024-25 വർഷം വരെ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റ് പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാളിതുവരെ വിജയപുരം ഗ്രാമപഞ്ചായത്തിന് ജലജീവൻ മിഷൻ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല.
സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനായി ഭരണസമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതിന് എല്ലാ ശ്രമങ്ങളും ഉണ്ടാവേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഒപ്ടിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക - വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2021-22 സാമ്പത്തിക വർഷം 461 ഒ.എഫ്.സി പോളുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിന്റെയും (ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 455 പോളുകൾ + ടെലി സോണിക് നെറ്റ് വർക്ക് എന്ന സ്ഥാപനം 6 പോളുകൾ) അവയുടെ വാർഷിക വാടകയിനത്തിൽ 1,65,960/- രൂപ (ഒ.എഫ്.സി പോൾ ഒന്നിന് 360/- രൂപ നിരക്കിൽ) ഐ.എൽ.ജി.എം.എസിൽ ഒടുക്കിയതിന്റെയും വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്ടിക് ഫൈബർ കേബിൾ പോളുകൾ സ്ഥാപിക്കൽ, വാടക നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച പബ്ലിക് വർക് ഡിപ്പാർട്ട്മെന്റിന്റെ 23.01.2020 തീയതിയിലെ ജി.ഓ (ആർ.ടി) നം. 89/2020/PWD നമ്പർ ഉത്തരവ് പ്രകാരം സ്ഥാപിക്കപ്പെട്ട ഒ.എഫ്.സി പോളുകളുടെ ആദ്യ വർഷത്തെ വാടക പോൾ ഒന്നിന് 360/- രൂപ നിരക്കിലാണെങ്കിലും തുടർന്നുള്ള വർഷങ്ങളിലെ വാടകയിൽ 5% വീതം വർദ്ധനവ് വരുത്തേണ്ടതാണ്. ഇതനുസരിച്ച് ഒപ്ടിക് ഫൈബർ കേബിൾ പോളുകളുടെ വാടക 2022-23 വർഷം 378/- രൂപയായും 2023-24 സാമ്പത്തിക വർഷം വാടക 397/- രൂപയായും 2024-25 വർഷം വാടക 417/- രൂപയായും പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതനുസരിച്ച് 2024-25 വർഷം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് 1,89,735/- രൂപയും (455@417) ടെലി സോണിക് നെറ്റ് വർക്കിൽ നിന്ന് 2502/- രൂപയും (6@417) ഉൾപ്പെടെ 1,92,237/- രൂപ ഒ.എഫ്.സി പോളുകളുടെ വാർഷിക വാടകയിനത്തിൽ ഈടാക്കേണ്ടതായിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഒപ്ടിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക 2022-23 വർഷം മുതൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിരുന്നതുമൂലമുള്ള നഷ്ടത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഈടാക്കേണ്ട വാടക |
|---|---|
| 2022-23 | 461@378=174258/- |
| 2023-24 | 461@397=183017/- |

| | |
|---|---|
| 2024-25 | 461@417=192237/- |
| ആകെ | 549512/- |

ടി വാടക ഡിമാന്റ് ചെയ്യുകയോ ഇതു സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഒപ്ടിക്കൽ ഫൈബർ കേബിൾ പോളുകളുടെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. (തൻവർഷത്തെ നഷ്ടം 192237/- രൂപ മാത്രം ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു.)

## 2-2 ആംബുലൻസ് പ്രവർത്തനത്തിലെ അപാകതകൾ

### ആംബുലൻസ് വാടക പിരിവിലും പണം ഒടുക്കലിലും ഗുരുതര വീഴ്ച

ഗ്രാമപഞ്ചായത്തിലെ അംഗീകരിച്ച ബൈലോ പ്രകാരം ആംബുലൻസ് വാടകയിനത്തിൽ ഈടാക്കേണ്ട ചാർജ് ചുവടെ ചേർക്കും പ്രകാരമാണ്.
മിനിമം ചാർജ് – 600/- (7 കി. മീ. വരെ)
7 കി. മീ. നു മുകളിൽ ഓരോ കി. മീ നും 30/- രൂപ
ശവസംസ്ക്കാര ചടങ്ങുകൾക്ക് – 1500/-രൂപ
എന്നാൽ രസീതു ബുക്ക്, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1) ബൈലോയിൽ നിഷ്ക്കർഷിച്ചിരിക്കുന്ന നിരക്കിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ വാടക ഈടാക്കിയിരിക്കുന്നു.

| രസീത് നം | സഞ്ചരിച്ച ദൂരം/ ആവശ്യം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവു വന്ന തുക |
|---|---|---|---|---|
| 01/6.5.24 | ശവസംസ്ക്കാര ചടങ്ങ് | 1000/- | 1500/- | 500/- |
| 03/15.06.2024 | 25 കി. മീ. | 1000/- | 1140/- | 140/- |
| 04/15.06.2024 | ശവസംസ്ക്കാര ചടങ്ങ് | 1250 | 1500/- | 250/- |
| 10/26.06.2024 | 32 കി. മീ. | 1000/- | 1350/- | 350/- |
| 17/22.08.2024 | ശവസംസ്ക്കാര ചടങ്ങ് | 1250 | 1500/- | 250/- |
| 22/22.9.2024 | 30 കി. മീ. | 1000 | 1290/- | 290/- |
| 26/19.11.2024 | 700 കി. മീ. | 7000 | 21390/- | 14390/- |
| 28/15.1.25 | 240 കി. മീ. | 4000 | 7590/- | 3590/- |
| 08/2.6.2024 | 35 കി. മീ. | 750 | 1440/- | 690/- |
| ആകെ | | | | 20450/- |

2) 30.09.2024 മുതൽ 13.07.2025 വരെയുള്ള തീയതികളിലെ 23 മുതൽ 49 വരെയുള്ള രസീതു പ്രകാരം പിരിച്ച തുകയായ 36,950/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.
3) രസീതു ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ ഇഷ്യു ചെയ്തു.
പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/15-01-2026) മറുപടി ലഭ്യമാക്കിയില്ല. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 18, 19, 23, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 5, 6, 7 എന്നിവ പാലിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 83 പ്രകാരം രസീതു ബുക്കുകൾ ലഭിച്ച ഉടൻതന്നെ എണ്ണുകയും നമ്പറിടുകയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ആംബുലൻസ് വാടക പിരിച്ചതിൽ മേൽ ചട്ടങ്ങൾ ഒന്നും പാലിച്ചില്ലെന്നു മാത്രമല്ല വാടക പഞ്ചായത്തു ഫണ്ടിൽ അടവാക്കാതെ പഞ്ചായത്തിനു നഷ്ടമുണ്ടാക്കുകയും ചെയ്തു. വാടകയിനത്തിൽ കുറവു വന്ന 20450/- രൂപയും പഞ്ചായത്തിൽ ഒടുക്കുവാനുള്ള 36,950/- രൂപയും ഉൾപ്പെടെ ആകെ 57,400/- രൂപ ആംബുലൻസ് ഡ്രൈവറായ ശ്രീ. സുനിൽ കുമാറിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. രസീത് പ്രകാരം പിരിക്കുന്ന തുക അതത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

**മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | 96000/- | 96000/- | 0 | 0 |

*01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്നതുക | റിമാർക്സ് |
|---|---|---|---|---|---|
| | | ബാധകമല്ല. | | | |

**മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടങ്കിൽ ആയതുൾപ്പടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

**മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2024മുതലുള്ള കുടിശ്ശിക ഉൾപ്പെടെ ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2024-25 വർഷത്തെ ധനകാര്യ പത്രിക 08/01/2026, 09/01/2026 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-245 വർഷം സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1042677/- രൂപയും കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1198681/- രൂപയും ലഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെയും ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെയും ചെലവ് വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 650000 | ലൈഫ് പദ്ധതി (ജനറൽ) – സ്ഥലം വാങ്ങലും ഭവന നിർമ്മാണവും (S0254/25) | 650000 | 0 |
| | 358100 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത- S0046/25 | 358100 | |
| | 34577 | ഇറഞ്ഞാൽ ദേവീക്ഷേത്രം റോഡ്- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - S0260/25 | 34577 | |
| **ആകെ** | **1042677/-** | | **1042677/-** | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 600000 | ലൈഫ് പദ്ധതി (ജനറൽ) – സ്ഥലം വാങ്ങലും ഭവന നിർമ്മാണവും (S0021/25) | 600000 | 0 |
| | 200000 | ലൈഫ് പദ്ധതി (ജനറൽ) – സ്ഥലം വാങ്ങലും ഭവന നിർമ്മാണവും (S0254/25) | 200000 | 0 |
| | 80800 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത- S0046/25 | 80800 | 0 |
| | 317881 | ഇല്ലം നിറ വല്ലം നിറ- വിജയപുരം പുഞ്ച പാടശേഖരം പുറം ബണ്ട് നിർമ്മാണം- S0193/25 | 317881 | 0 |
| **ആകെ** | **1198681/-** | | **1198681/-** | |

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി തുകകൾ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും (S0261/25 ) | കെ.എസ്.ഇ.ബി മണർകാട് | 46368/- | 0 | 46368 |
| | | കെ.എസ്.ഇ.ബി , കോട്ടയം ഈസ്റ്റ് | 33317/- | 0 | 33317 |
| 2 | അങ്കണവാടികളിൽ കുടിവെള്ളസൗകര്യം | ഭൂജല വകുപ്പ് | 1,80,000/- | 0 | 1,80,000/- |

| | | | | | |
|---|---|---|---|---|---|
| | -കുഴൽക്കിണർ നിർമ്മാണം(S0078/25) | | | | |
| 3 | പൊതുശ്മശാനം- കുഴൽ കിണർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും (S0126/25) | ഭൂജല വകുപ്പ് | 250000/- | 0 | 250000/- |
| 4 | പാറേപ്പറമ്പ് കുടിവെള്ള പദ്ധതി നവീകരണം (S0133/25) | ഭൂജല വകുപ്പ് | 120000/- | 0 | 120000/- |
| 5 | തെരുവു വിളക്ക് ലൈൻദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിങ്ങും (S0068/25) | കെ.എസ്.ഇ.ബി | 348790/- | 0 | 348790/- |
| 6 | ഇറഞ്ഞാൽ ദേവി ക്ഷേത്രം റോഡ് – ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(S0260/25) | കെ.എസ്.ഇ.ബി | 84530/- | 0 | 84530/- |
| 7 | ഉണ്ണിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (S0310/25) | ഭൂജല വകുപ്പ് | 900000/- | 0 | 900000/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം, തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി ഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 0 | 41,84,920/- | *3,15,479/- | - | 38,69,441/- |

<u>*സ്രോതസിൽ നിന്നും കുറവ് ചെയ്തത്</u>
1)വികസന ഫണ്ട് (ജനറൽ) : 157739/- (പ്രോജക്റ്റ് നം. : 350/25)
2) വികസന ഫണ്ട് (ജനറൽ) : 157740/- (പ്രോജക്റ്റ് നം : 348/25)

## 4-7 സ്ഥിരനിക്ഷേപങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ സ്ഥിരനിക്ഷേപ (Fixed Deposits) കണക്കുകളുടെ സംക്ഷിപ്ത വിവരം Fixed Deposit രജിസ്റ്റർ, FD രസീത് എന്നിവ പ്രകാരമുള്ളത് ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,000,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 2,70,00,000/- |
| തൻവർഷം ലഭിച്ച തുക(പലിശ) | 20,38,662/-* |
| തന്നാണ്ടിൽ പിൻവലിച്ച തുക | 20,38,662/- |
| 31/03/2025-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,70,00,000/- |

*തൻവർഷം ലഭിച്ച ആകെ പലിശത്തുകയായ 20,38,662/- രൂപയിൽ 20,00,000/- രൂപ തൻവർഷം തന്നെ കോട്ടയം സബ് ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കിയിട്ടുള്ളതും 38,662/- രൂപ ട്രഷറി സേവിങ്സ്

അക്കൗണ്ടിൽ നിലനിർത്തിയിട്ടുള്ളതുമാണ്.

സ്ഥിര നിക്ഷേപങ്ങളുടെ വിവരവും പലിശ കണക്കുകളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2024 മുന്നിരിപ്പ് | 2024-25 പലിശ | 2024-25 പിൻവലിച്ചത് | 31/03/2025 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 1. | കോട്ടയം സബ് ട്രഷറി | 799010502789586 | 7 % | 50,00,000/- | 3,15,000/- | 3,15,000/- | 50,00,000/- |
| 2. | കോട്ടയം സബ് ട്രഷറി | 799010502782563 | 7 % | 1,50,00,000/- | 9,44,999/- | 9,44,999/- | 1,50,00,000/- |
| 3 | കോട്ടയം സബ് ട്രഷറി | 799010502782490 | 7% | 1,00,00,000/- | 6,30,000/- | 6,30,000/- | 1,00,00,000/ |
| | | | **ആകെ നിക്ഷേപം** | **3,00,00,000/-** | **18,89,999/-** | **18,89,999/-** | **3,00,00,000/-** |

**<u>തൻ വർഷം ആരംഭിച്ച സ്ഥിരനിക്ഷേപങ്ങൾ</u>**

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | നിക്ഷേപിച്ച തുക | 2024-25 പലിശ | 2024-25 പിൻവലിച്ചത് | 31/03/2025 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 1. | കോട്ടയം സബ് ട്രഷറി | 799010503159408 | 7 % | 20,00,000/- | 2761/- (മാർച്ച് 2025 ൽ ലഭിച്ച പലിശ) | 2761/- | 20,00,000/- |
| 2. | എസ്.ബി.ഐ വടവാതൂർ | 43944200882 | 6.8% | 50,00,000/- | 0 | 0 | 50,00,000/- |
| 3. | എസ്.ബി.ഐ വടവാതൂർ | 43944186568 | 6.8% | 1,00,00,000/- | 0 | 0 | 1,00,00,000/- |
| 4. | എസ്.ബി.ഐ വടവാതൂർ | 43944085857 | 6.8% | 50,00,000/- | 0 | 0 | 50,00,000/- |
| 5. | ഫെഡറൽ ബാങ്ക് കളത്തിപ്പടി | 17150300045832 | 7.5% | 50,00,000/- | | | 50,00,000/- |
| | | | **ആകെ നിക്ഷേപം** | **2,70,00,000/-** | **2761/-** | **2761/-** | **2,70,00,000/-** |

സ്ഥിരനിക്ഷേപങ്ങളുടെ പലിശ 799010100214978 നം. ട്രഷറി സേവിങ്ങ് അക്കൗണ്ടിലാണ് മാസം തോറും ക്രെഡിറ്റ് ചെയ്യുന്നത്. 1892760/- (18,89,999/- +2761/-) രൂപ സ്ഥിരനിക്ഷേപ പലിശയും ആയത് സൂക്ഷിക്കുന്ന സേവിങ്ങ് അക്കൗണ്ടിലെ പലിശ 145902/- രൂപയും ഉൾപ്പെടെ ടി അക്കൗണ്ടിലെ 2024-25 വർഷത്തെ ആകെ വരവ് 2038662/- രൂപ 170100101-Interest On Fixed Deposits ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. സ്ഥിര നിക്ഷേപ പലിശ മാത്രം 170100101 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാനും പലിശ സൂക്ഷിക്കുന്ന സേവിങ്ങ് അക്കൗണ്ടിന്റെ പലിശ 171100101-Interest From Bank Accounts ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്ഥിര നിക്ഷേപ പലിശയ്ക്ക് TDS (Tax Deduction At Source) ആയി തൻവർഷം 14590/- രൂപ സേവിങ്ങ് ബാങ്ക് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന്റെ ചെലവുമാണ്. ടി തുക തിരികെ ലഭ്യമാക്കേണ്ടതാണ് (ഖണ്ഡിക 1-21 കാണുക)

## <u>4-8 ഓഡിറ്റ് റിക്കവറി</u>

2024-25 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## <u>4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ</u>

വിജയപുരം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2-1, 2-2-8 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | 30.04.2025 ലെ നിയമസഭാ സമിതിയിൽ പരിഗണിച്ചു |
| 2014-15 | 2-3-1, 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | ,, |
| 2015-16 | 2-4-1,2, 3,4,5,6,7 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | ,, |
| 2019-20 | 1-16 | 2021-22 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ (റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 11,65,98,822/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 8,91,76,047/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 17,59,83,689/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 16,24,95,936/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,49,637/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,61,676/- |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയാ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,92,237 | | ശ്രീ.സജാദ് എസ്, സെക്രട്ടറി |
| 2-2 | 57,400 | | ശ്രീ.സജാദ് എസ്, സെക്രട്ടറി |
| ആകെ | 2,49,637 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 7,34,344/- | ശ്രീ.സജാദ് എസ്, സെക്രട്ടറി |
| 1-24 | 9,00,000/- | ശ്രീ.സജാദ് എസ്, സെക്രട്ടറി |
| 1-26 | 3,48,790/- | ശ്രീ.അനീഷ് എസ്, സെക്രട്ടറി (രൂപ 2,12,049/-)<br>ശ്രീ.സജാദ് എസ്, സെക്രട്ടറി (രൂപ 1,36,741/-) |
| 1-27 | 2,59,685/- | ശ്രീ.സജാദ് എസ്, സെക്രട്ടറി |
| 1-28 | 2,03,200/- | ശ്രീ.സജാദ് എസ്, സെക്രട്ടറി |
| 1-37 | 2,00,000/- | ശ്രീ.അജിത് കുമാർ എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-38 | 80,000/- | ശ്രീമതി ലൈലാമോൾ വർഗ്ഗീസ്, വി.ഇ.ഒ |

| | | |
|---|---|---|
| 1-39-1 | 25,000/- | ശ്രീമതി ലൈലാമോൾ വർഗ്ഗീസ്, വി.ഇ.ഒ |
| 1-40 | 10,657/- | ഡോ. അമൃത.സി.ഡി.<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 27,61,676/- | |

**സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ഓഡിറ്റ് നടന്ന സമയത്തെ ഉദ്യോഗപ്പേര് | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.സജാദ് എസ്, സെക്രട്ടറി | സെക്രട്ടറി, പുറക്കാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | ആസാദ് മൻസിൽ പറയത്ത്കോണം പി ഒ ആറ്റിങ്ങൽ, തിരുവനന്തപുരം-695104 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നാളിതു വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 & 1991-92 | എൽ.എഫ്.കെ.പി3-809/1995/05-01-1996 | - |
| 1998-99 (ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/2014/28-11-2014 | 4 |
| 1999-00 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)/53(3)/2018/19-02-2018 | 22 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി12- 1949(4)/2019/13-07-2020 | 1 |
| 2000-01 & 2001-02(Plan) | കെ.എസ്.എ-കെ.ടി.എം.പി12- 1949(4)/2019/13-07-2020 | - |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി12- 1949(5)/2019/13-07-2020 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(4)/2022/26-08-2022 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(6)/2022/26-08-2022 | 1 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(7)/2022/26-08-2022 | 3 |
| 2011-12 | എൽ.എഫ്.കെ.പി11-957/2013/10-02-2014 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(8)/2022/26-08-2022 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(9)/2022/26-08-2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/1866(10)/2022/26-08-2022 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1476/2017/23-12-2017 | 21 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1117/2017/30-06-2020 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12/അദാ-2022/100(1)/2022/26-08-2022 | 12 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി12/100(2)/2022/06-09-2022 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി12/493/2022/26-07-2022 | 25 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി12/1551/2022/03-11-2022 | 37 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി12/2430/2022/18-04-2023 | 20 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി12/1896/2023/23-12-2023 | 34 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി12/1445/2024/21-02-2025 | 58 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 19-06-2025 and submitted on 23-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vijayapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vijayapuram Grama Panchayat as on 31-03-2025

**Date: 30/01/2026** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vijayapuram Grama Panchayat for the Year 2024-2025.

### 1.Major Observations

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2025
2. Non Disclosure of Assets. Assets not classified, evaluated and accounted-Asset Register has not updated.

### 2.Other Observations

1. Government/Other dues register has not maintained properly to substantiate financial statements.
2. Opening balance details and fundwise capital contribution of current year are also not available.
3. As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income is to be recorded through a journal entry every month. But on checking the ledger of various income, their is no timely recording of demand entries.
4. Provision is not recorded in the Balance Sheet B-9 schedule for various expenses such as fuel expenses which is not met within the financial year 2024-25.
5. Amount booked as stale cheques in the B9 schedule (350800101) is not adjusted.
6. Accumulated depreciation of Roads & Bridges has exceeded the corresponding total asset value as on 31-03-2025.
7. Notes on account has not prepared for Prior period income and expenses.
8. DCB 0f Profession Tax & IFTE&OS Licence fee posted in the concerned registers are not match with AFS.
9. Apropriation Control Register for B4 Schedule not maintained properly. Amount recorded in the register does not match with that in the Annual Financial Statement.
10. Details of 27,135/- remaining as liability under the Account Head of Beneficiary contribution in schedule B-4 were not provided.
11. Difference in balance amount of Life loan - Amount in the register does not match with that in the annual Financial Statement.
12. Interest on fixed deposits recorded in RP-8 schedule differs with the actual interest amount accrued. Fixed Deposit register has not maintained properly.
13. Advance to Kerala State Electricity Board is not accounted in concerned head of account.

Deputy Director

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്